# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 33 ലക്കം ശ്ലീഹാ മെയ് 2015 വാർഷിക വരിസംഖ്യ ₹ 100





# പിതൃമൊഴി

**ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ**

കണ്ണുകളടച്ച് ദൈവപിതാവിന്റെ കരങ്ങളിൽ മുറുകെ പിടിച്ചുകൊണ്ട് വിശ്വസ്തതയുടെ ചുവടുവയ്പോടെ നടക്കുക. ഇതാണ് നമ്മെ ലക്ഷ്യത്തിലെത്തിക്കുക.

നാം വിളിക്കപ്പെട്ടിരിക്കുന്നത് വിശ്വസ്തത ജീവിക്കുവാൻ അസാധ്യമാണ് എന്നു തോന്നിക്കുന്ന ലോകത്തിൽ വിശ്വസ്തത സാധ്യമാണെന്ന് ജീവിതംകൊണ്ട് കാണിച്ചുകൊടുക്കാനാണ്.

മാവിനെ മുഴുവൻ പുളിപ്പിക്കുന്ന പുളിമാവായും രുചി പകരുന്ന ഉപ്പായും തീരുമ്പോഴാണ് പുതുജീവിതത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന വിശുദ്ധിയുടെയും സാഹോദര്യത്തിന്റെയും വിത്തുകളാകാൻ നമുക്കു സാധിക്കുക.

മറ്റുള്ളവർ നമ്മെക്കാൾ വലിയവരാണെന്നു കരുതുവാനുള്ള എളിയ മനോഭാവം സ്വന്തമാക്കുക.

ശരിയായതും യഥാർത്ഥവുമായ വിശുദ്ധി ലാളിത്യത്തിന്റെ അമ്മയായ എളിമയിലാണ് ഉറപ്പിച്ചിരിക്കുന്നത്.

നന്മ ഒച്ചപ്പാടുണ്ടാക്കുകയില്ല; നന്മ ബഹളം വയ്ക്കുകയില്ല. നാം ചെയ്യുന്നതൊന്നും കൊട്ടിഘോഷിക്കാനോ പരസ്യപ്പെടുത്താനോ നോക്കേണ്ട എളിമയുടെ ചൈതന്യത്തോടെ മുന്നോട്ടുപോകാം.


നമ്മുടെ 'നാളെ'യെ ഭരമേല്പിച്ചിരിക്കുന്നത് രണ്ടു ചിറകുകളെയാണ്. അവയിൽ ഒന്നു ദൈവകൃപയും മറ്റേത് നല്ല മനസ്സുമാണ്.

പരസ്നേഹം ദൈവത്തിന്റെ നേർക്കുള്ള സ്നേഹത്തിന്റെ പ്രകാശനമാണ്. അത് ദൈവത്തിന്റെ നേർക്കുള്ള സ്നേഹം സഹോദരനിലേക്കു നിർഗളിക്കുന്നതാണ്, പ്രസരിക്കുന്നതാണ്.

ഉപചാരശീലം നൈസർഗികമായ ഒരു ബന്ധമാണ്. അത് പരസ്നേഹത്തിന്റെ മാധുര്യമേറിയ ഒരു പ്രകാശനമാണ്. അത്, മറ്റുള്ളവരുടെ നേർക്കും, ബാഹ്യവും സാമൂഹ്യവുമായ സഹവാസത്തിന്റെ ബന്ധങ്ങളിലും ആദരവു പുലർത്തുന്നതാണ്.

ഓരോ ദിനവും ഓരോ സംഭവത്തിലും ഓരോ വ്യക്തിയിലും നിസ്സാരമായവയിൽപ്പോലും ദൈവികപദ്ധതി കണ്ടെത്തണം. നമ്മെ നയിക്കുന്ന ദൈവത്തിന്റെ കരങ്ങൾ എല്ലാത്തിലും കണ്ടെത്താൻ കഴിയണം.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 33 ശ്ലീഹാ ലക്കം മെയ് 2015


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**സ്റ്റെഫി മംഗലത്തുകുന്നേൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ - 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ബോദ്ധ്യപ്പെടുത്തുന്ന റൂഹാ 03
- മിശിഹായ്ക്കു സാക്ഷ്യംവഹിക്കുന്ന പ്രേഷിതജീവിതം 05
- ആത്മമാരിയിൽ ആനന്ദിക്കാം 08
- കുടുംബം: ദൈവഹിതം പൂർത്തിയാക്കേണ്ട ഇടം 09
- മാതാപിതാക്കളേ ഉണരുക 13
- എന്തുകൊണ്ട് ഉള്ളവനു കൂടുതൽ? 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- യുവജനം നാളയുടെ വാഗ്ദാനം 18
- വീടും കൂടും ഇല്ലാത്ത ശിഷ്യർ 21
- വിശ്വാസത്തിലേക്കു നയിക്കുന്ന വിനയം 22
- സെനക്കിൾ തരംഗം 24
- കണ്ണുനീർ 25
- സമർപ്പിതവർഷം 28
- വിശുദ്ധരോടൊപ്പം 29
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 31
- വിചാരണ 32

**എഡിറ്റോറിയൽ**

# ജീവിക്കുന്ന രക്തസാക്ഷികൾ

ഈശോയുടെ പീഡാസഹനവേളയിൽ സ്വന്തം ജീവൻ രക്ഷിക്കാനുള്ള വ്യഗ്രതയിൽ ഈശോയെവിട്ട് ഓടിപ്പോകുകയും അവിടുത്തെ കുരിശുമരണത്തിനുശേഷം ഭയപ്പെട്ട് മുറിയ്ക്കുള്ളിൽ കതകടച്ചിരിക്കുകയും ചെയ്ത ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചതോടെ പുതിയ മനുഷ്യരായി മാറി. ജീവൻ ത്യജിച്ചും ഈശോയ്ക്കു സാക്ഷ്യം വഹിക്കത്തക്കവിധം അവർ ശക്തരായി. പരിശുദ്ധാത്മാവിൽ ശക്തി പ്രാപിച്ച് മിശിഹായുടെ പ്രേഷിതരായി ലോകം മുഴുവനും പ്രസംഗിച്ച ശ്ലീഹന്മാരുടെ മാതൃകയാണ് ശ്ലീഹാക്കാലത്തിൽ തിരുസഭാമാതാവ് നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കുന്നത്.

സഭയുടെ ചരിത്രത്തിലുടനീളം രക്തസാക്ഷിത്വത്തിലൂടെ -വ്യക്തിഗതമായും സമൂഹപരമായും- ഈശോയ്ക്കു സാക്ഷ്യംവഹിക്കുന്നവരെ കണ്ടെത്താൻ കഴിയും. മതതീവ്രവാദികളുടെ ആക്രമണമേറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ വിശ്വാസത്തിനുവേണ്ടി ചോരചിന്തുന്നവർ ഏറെയുണ്ടല്ലോ. ശ്ലീഹന്മാരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമാണ് മരണത്തിനു മുന്നിൽ അവരെ നിർഭയരാക്കുന്നത്.

മിശിഹായുടെ അനുയായികൾ അവിടുത്തേക്ക് സാക്ഷികളാകേണ്ടവരാണ്. ചിലർ മരണത്തിലൂടെ സാക്ഷ്യം വഹിക്കുമ്പോൾ ഭൂരിഭാഗം വരുന്ന മറ്റുള്ളവർ ജീവിതത്തിലൂടെ സാക്ഷ്യം വഹിക്കുന്നു. നാമായിരിക്കുന്ന സ്ഥലസാഹചര്യങ്ങളിൽ ഒരു യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കാനായാൽ അത് ജീവിക്കുന്ന രക്തസാക്ഷിത്വംതന്നെയാണ്. കാരണം ഇന്നത്തെ ലോകത്ത് വിശുദ്ധമായ ഒരു ജീവിതം നയിക്കണമെങ്കിൽ അതിനു വലിയ വില കൊടുക്കേണ്ടിവരും; തിന്മയുടെ ശക്തികളോട് നിരന്തരമായ പോരാട്ടം നടത്തേണ്ടിവരും. "എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹ 15,5) എന്നു പറഞ്ഞ ദൈവപുത്രനും പരിശുദ്ധനുമായ മിശിഹാ തന്റെ ഉത്ഥാനശേഷം നിരന്തരം നമ്മോടൊത്തായിരിക്കാൻ തന്റെ ആത്മാവിനെ സഹായകനായി നമുക്കു നല്കി. ഉത്ഥാനശേഷം ശിഷ്യന്മാരെ ദൗത്യനിർവഹണത്തിനായി നിയോഗിച്ചശേഷം അവരുടെമേൽ നിശ്വസിച്ച് തന്റെ ആത്മാവായ പരിശുദ്ധാത്മാവിനെ അവർക്കു നല്കി (യോഹ 20,21-22). ഈ ആത്മാവാണ് അനുദിന രക്തസാക്ഷിത്വത്തിൽ നമ്മുടെ ശക്തി. ദൈവത്തെ സ്നേഹിക്കുന്നതിന്, ദൈവസ്നേഹത്തിലൂടെ പരസ്നേഹത്തിൽ വളരുന്നതിന്, നമുക്ക് ദൈവത്തിന്റെ ശക്തി ആവശ്യമാണ്. 'സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നല്കുകയില്ല!' (ലൂക്കാ 11,13) എന്ന ദിവ്യവചസ്സുകൾ ഉറച്ചുവിശ്വസിച്ചുകൊണ്ട് നമുക്കു ദൈവാത്മാവിനായി ദാഹിക്കുന്നവരാകാം. കൂദാശകളിലുള്ള സജീവമായ പങ്കാളിത്തത്തിലൂടെയും സഭയുടെ പ്രാർത്ഥനയിലുള്ള പങ്കുചേരലിലൂടെയും വചനാധിഷ്ഠിത ജീവിതത്തിലൂടെയും ദൈവാത്മാവിനാൽ നിറഞ്ഞ്, ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച്, ജീവിക്കുന്ന രക്തസാക്ഷികളായി മാറാം.

**ചീഫ് എഡിറ്റർ**



# ബോധ്യപ്പെടുത്തുന്ന റൂഹാ

**ജൂലി വന്യംപറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും-അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ **പാപ**ത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കലേക്ക് പോകുന്നതുകൊണ്ടും നിങ്ങൾ ഇനിമേലിൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും **നീതി**യെക്കുറിച്ചും, ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ **ന്യായവിധി**യെക്കുറിച്ചും ബോധ്യപ്പെടുത്തും"* (യോഹ 16, 8-11).

ലോകത്തെ നിരന്തരം ബോധ്യപ്പെടുത്തുന്ന റൂഹാദ്ഖുദ്ശായുടെ സജീവമായ പ്രവർത്തനം! എന്താണ് ലോകം? ഒരുവൻ എപ്പോൾ ഈശോയിൽ വിശ്വസിക്കാതിരിക്കുന്നുവോ,... തിന്മയുടെ ശക്തിക്ക് അടിമപ്പെടുന്നുവോ,... അപ്പോളവൻ 'ലോക'മായി തീരുന്നു. ഈ ലോകത്തിനാണ് റൂഹാ മൂന്ന് ബോധ്യങ്ങൾ നല്കുന്നത്: 1. പാപത്തെക്കുറിച്ച്,




2. നീതിയെക്കുറിച്ച്, 3. ന്യായവിധിയെക്കുറിച്ച്.

എന്താണ് **പാപം?** അത് വിശ്വാസമില്ലായ്മ അഥവാ സ്നേഹമില്ലായ്മയാണ്. കാരണം, വിശ്വസിക്കുന്നവന് സ്നേഹിക്കാതിരിക്കാൻ പറ്റില്ല. അതിനാൽ എവിടെ സ്നേഹശൂന്യത അനുഭവപ്പെടുന്നുവോ അവിടെ റൂഹാ വന്ന് നിരന്തരം കുറ്റപ്പെടുത്തും. ഈ കുറ്റപ്പെടുത്തൽ ഒരുവനിൽ പാപബോധം ഉളവാക്കുകയും അങ്ങനെ അത് അവന് രക്ഷാകരമായിത്തീരുകയും ചെയ്യും. എന്താണ് **നീതി?** ഈശോയുടെ നീതി അവിടുത്തെ പാപമില്ലായ്മ അഥവാ പരിശുദ്ധിതന്നെയാണ്. കൂടാതെ, ഇത് പാപത്തിന്മേൽ അവിടുന്ന് വരിച്ച വിജയവും ഉൾക്കൊള്ളുന്നു. ഈ വിജയത്തിലുള്ള പങ്കാളിത്തത്തെക്കുറിച്ചുള്ള ബോദ്ധ്യവും റൂഹാ വിശ്വാസികളിൽ ഉളവാക്കും. ഇനി മൂന്നാമതായി റൂഹാ ബോദ്ധ്യപ്പെടുത്തുന്ന **ന്യായവിധി** എന്താണ്? 'ഈ ലോകത്തിന്റെ അധികാരി' എന്നത് പൈശാചികശക്തി തന്നെയാണ്. ഈശോയുടെ പീഡാനുഭവവും മരണവും ദൈവനിശ്ചയപ്രകാരമായിരുന്നെങ്കിലും പൈശാചികശക്തിയുടെ അന്തിമപോരാട്ടമായിരുന്നു അത്. തന്റെ മരണോത്ഥാനത്തിലൂടെ അവിടുന്ന് പാപത്തെയും മരണത്തെയും എന്നേക്കുമായി പരാജയപ്പെടുത്തി. അങ്ങനെ പൈശാചിക ശക്തികൾ ന്യായവിധി ചെയ്യപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്തു. റൂഹായുടെ സഹായത്തോടെ ഇതേപ്പറ്റിയുള്ള ബോദ്ധ്യത്തിൽ ഉറച്ചുനില്ക്കാനും തിന്മയുടെ ശക്തികളുടെമേൽ വിജയംവരിക്കാനും വിശ്വാസികൾക്കു കഴിയും.


സമാശ്വസിപ്പിക്കുന്ന ദൈവം, നമ്മെയെന്നും ആശ്വസിപ്പിക്കുവാൻ, കൂടെ നിന്ന് ശക്തിപ്പെടുത്തുവാൻ നല്കിയിരിക്കുന്ന ആശ്വാസപ്രദനായ റൂഹാ നിരന്തരം നമ്മിലുളവാക്കുന്ന ബോദ്ധ്യങ്ങളോട് ബോധപൂർവ്വം സഹകരിച്ചാൽ ദൈവപുത്രത്വത്തിന്റെ സുന്ദരശില്പങ്ങളാകില്ലേ നമ്മുടെയും ജീവിതം? കരിന്തിരി കത്തുന്ന വിളക്കുകളായ നമ്മെ ഊതികെടുത്താതെ ജ്വലിപ്പിക്കുന്ന സ്നേഹാഗ്നിയായ റൂഹാ അന്ധകാരനിബിഡമായ ഈ ലോകത്തിൽ സ്നേഹത്തിന്റെ ഒരു നാളമായി പ്രശോഭിക്കുവാൻ വിശ്വാസികളെ മാടിവിളിക്കുകയാണ് തിരുസ്സഭയിൽ ഈ ശ്ലീഹാക്കാലത്തിലൂടെ....

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം നല്കുകയും എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹം എന്നിലുണ്ടായാലും ഒരു നിമിഷം പോലും നിന്നിൽ നിന്നും അകലുവാനോ വേർപിരിയുവാനോ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്ത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് (ആവശ്യം) അങ്ങയോടു ഞാൻ പ്രാർത്ഥിക്കുന്നു, ആമ്മേൻ (ദീപിക ദിനപത്രം)



സെനക്കിൾ ആദ്ധ്യാത്മികത - 27



# മിശിഹായ്ക്കു സാക്ഷ്യംവഹിക്കുന്ന പ്രേഷിതജീവിതം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

ഉത്ഥാനത്തിനുശേഷം ഈശോയും ശിഷ്യന്മാരും ഒന്നിച്ചുള്ള സെനക്കിൾ അനുഭവം അവരെ ദൗത്യനിർവഹണത്തിനായി ഒരുക്കുന്ന അനുഭവമായിരുന്നു: “എന്നാൽ, പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ

വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (നട 1,8). സഭ അവശ്യം പ്രേഷിതയാണ്. സഭാത്മകജീവിതം അവശ്യം പ്രേഷിതജീവിതമാണ്. ഓരോ ക്രൈസ്തവനും ഓരോ മിഷനറിയാണ്. 'ക്രിസ്തു' അഥവാ 'മിശിഹാ' എന്നതിന്റെ അർത്ഥം 'അഭിഷിക്തൻ' അഥവാ 'അയയ്ക്കപ്പെട്ടവൻ' എന്നാണ്. ഒരാളെ ദൈവം അഭിഷേകം ചെയ്തു സ്വന്തമാക്കുന്നത് അയാളെ ദൗത്യനിർവഹണത്തിനായി അയയ്ക്കാൻ വേണ്ടിയാണ്. താങ്കൾ മിശിഹായാണോ എന്ന ചോദ്യവുമായി തന്നെ സമീപിച്ച യഹൂദർക്ക് (യോഹ 10,24) ഈശോ നല്കിയ മറുപടി ഇപ്രകാരമായിരുന്നു: ''പിതാവു വിശുദ്ധീകരിച്ച് (അഭിഷേകം ചെയ്ത്) ലോകത്തിലേക്ക് അയച്ച എന്നെ ഞാൻ ദൈവപുത്രനാണ് എന്നു പറഞ്ഞതുകൊണ്ട് ... നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ?" (യോഹ 10,36).

## മിശിഹാനുഭവത്തിൽ സ്ഥിരീകരിക്കപ്പെട്ട ജീവിതം

നാല്പതുദിവസത്തെ പ്രബോധനത്തിനു ശേഷം ഈശോ ശിഷ്യരുടെ ദൃഷ്ടിയിൽത്തന്നെ സ്വർഗാരോഹണം ചെയ്തു: ''ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ, അവർ നോക്കിനില്ക്കേ, അവൻ ഉന്നതങ്ങളിലേക്കു സംവഹിക്കപ്പെട്ടു; ഒരു മേഘം വന്ന് അവനെ അവരുടെ ദൃഷ്ടിയിൽനിന്നു മറച്ചു" (നട 1,9). 'സംവഹിക്കപ്പെട്ടു' എന്ന കർമ്മണിപ്രയോഗം ഈശോയുടെ സ്വർഗാരോഹണത്തിന്റെ പിന്നിലുള്ള ദൈവത്തിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നതാണ്. തന്റെ പുത്രന്റെ മനുഷ്യത്വത്തെ പിതാവായ ദൈവം പൂർണമായി മഹത്ത്വപ്പെടുത്തി എന്ന് അതു സൂചിപ്പിക്കുന്നു. ഈശോയുടെ ഉത്ഥാനത്തിന്റെ പ്രഥമ സാക്ഷികൾ പന്ത്രണ്ടു ശ്ലീഹന്മാരാണ്. അതുകൊണ്ട്, അവരുടെ ദൃഷ്ടിയിൽത്തന്നെ സ്വർഗാരോഹണം നടന്നു എന്നുള്ളത് അവരുടെ മിശിഹാനുഭവത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്. "മേഘം വന്ന് അവനെ അവരുടെ ദൃഷ്ടിയിൽനിന്നു മറച്ചു'' എന്നു പറയുന്നതും ഈശോയുടെ മഹത്ത്വീകരണത്തെ സൂചിപ്പിക്കുന്നു. പുറപ്പാടുപുസ്തകത്തിൽ മേഘം വാഗ്ദാനനാട്ടിലേക്കുള്ള യാത്രയിൽ ഇസ്രായേലിനു ലഭിച്ച ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെയും സംരക്ഷണത്തിന്റെയും അടയാളമാണല്ലോ. മിശിഹാ ദൈവത്തിന്റെ മഹത്ത്വത്തിലേക്കു പ്രവേശിച്ചു എന്ന ഉത്ഥാനാനുഭവത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. മിശിഹായുടെ ഉത്ഥാനാനുഭവത്തിൽ വിശ്വസിക്കുന്നവരാണ് മിശിഹാനുഭവത്തിൽ സ്ഥിരീകരിക്കപ്പെടുന്നതും മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നതും. സഭയുടെ ഈ ശ്ലൈഹികവിശ്വാസത്തിൽ നാമും സ്ഥിരീകരിക്കപ്പെടുമ്പോഴാണ് നമുക്കു പ്രേഷിതജീവിതം സാദ്ധ്യമാകുന്നത്.

## മിശിഹായിലൂടെ ദൈവാനുഭവത്തിൽ പരിശീലിപ്പിക്കപ്പെട്ട ജീവിതം

ഉത്ഥാനദിവസത്തിനും സ്വർഗാരോഹണദിവസത്തിനും ഇടയ്ക്കുള്ള നാല്പതുദിവസത്തിനു പ്രത്യേക പ്രാധാന്യമുണ്ട്. രക്ഷാകരചരിത്രത്തിൽ 'നാല്പത്' എന്ന സംഖ്യ പ്രത്യേക ദൈവാനുഭവത്തിന്റെ കാലഘട്ടവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ സംരക്ഷണത്തിനു പാത്രീഭൂതരായ നോഹയും കുടുംബവും നാല്പതു രാവും നാല്പതു പകലും പെട്ടകത്തിൽ ആയിരുന്നതിനുശേഷമാണ് പെട്ടകം പൊങ്ങി ഭൂമിക്കു മുകളിലായത് (ഉല്പ 7,17). ഇസ്രായേലിന്റെ മരുഭൂമിയാത്ര നാല്പതു സംവത്സരം നീണ്ടുനിന്നു (നിയ 1,1-3). ഉടമ്പടിയുടെ കല്പനകൾ സ്വീകരിക്കുന്നതിനുമുമ്പ് മോശ നാല്പതു രാവും നാല്പതു

പകലും ദൈവത്തോടുകൂടി ആയിരുന്നു (പുറ 24,18; 34,28; നിയ 9,9). തന്റെ പരസ്യജീവിതവും ശുശ്രൂഷയും ആരംഭിക്കുന്നതിന് ഒരുക്കമായി ഈശോ നാല്പതുദിവസം മരുഭൂമിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞു (ലൂക്കാ 4,1-2). ഉത്ഥാനത്തിനും സ്വർഗാരോഹണത്തിനുമിടയ്ക്ക് നാല്പതു ദിവസത്തേക്ക് ഈശോ ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ട് ശിഷ്യന്മാരെ ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കുന്നു (നട 1,3). മിശിഹായ്ക്കു സാക്ഷ്യംവഹിക്കുവാൻ ശിഷ്യരെ പ്രാപ്തരാക്കുന്ന ദൈവാനുഭവത്തിന്റെ ഒരു കാലഘട്ടത്തെയാണ് 'നാല്പത്' സൂചിപ്പിക്കുക. സഭയിൽ മിശിഹായിലൂടെയുള്ള ദൈവാനുഭവത്തിൽ പരിശീലിപ്പിക്കപ്പെടുന്നവർക്കാണ് മിശിഹായുടെ സാക്ഷികളാകാൻ കഴിയുന്നത്.

**പ്രാർത്ഥനയിൽ ശക്തി പ്രാപിക്കുന്ന ജീവിതം**

ശ്ലീഹന്മാർ ഏകമനസ്സോടെ ഈശോയുടെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരന്മാരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു എന്ന് ഈ സന്ദർഭത്തിൽ എടുത്തുപറയുന്നു (നട 1,14). ആദിമസഭയുടെ ഒരു ചെറിയ രൂപമാണ് ഈ വിവരണത്തിൽ കാണുക. ദൈവജനം പ്രാർത്ഥിക്കുന്ന സമൂഹമാണ്. മോശ മലമുകളിലായിരുന്ന നാല്പതു രാവും നാല്പതു പകലും ഇസ്രായേൽജനം പ്രാർത്ഥനയിൽ കാത്തിരുന്നതിനു ശേഷമാണ് ഉടമ്പടി ഉറപ്പിക്കപ്പെട്ടത് (പുറ 24,1-18). ആദിമസഭയും ഏകമനസ്സോടെ പ്രാർത്ഥിക്കുന്ന ഒരു സമൂഹമായിട്ടാണ് നടപടിഗ്രന്ഥത്തിലും പ്രത്യക്ഷപ്പെടുന്നത് (നട 2,42; 4,24; 5,12). ശ്ലീഹന്മാർ സഭയുടെ അടിസ്ഥാനങ്ങളാണ്. ഈശോയുടെ അമ്മയായ മറിയം സഭയുടെ പ്രതീകമാണ്. സഭാസമൂഹത്തിന്റെ അവശ്യ അംഗമാണ് (യോഹ 19,25-27). 'മറ്റു സ്ത്രീകൾ' ഗലീലിയിൽനിന്നും ഈശോയെ അനുഗമിച്ച, ശിഷ്യത്വം സ്വീകരിച്ച, സ്ത്രീകളാകാനാണ് സാദ്ധ്യത (ലൂക്കാ 8,2; 23,49-55). 'സഹോദരർ' ഈശോയോട് ആഭിമുഖ്യമുള്ളവരും ഈശോയിൽ വിശ്വസിക്കുന്നവരുമായ വ്യക്തികളായിരുന്നിരിക്കണം (മത്താ 12,48-50; ലൂക്കാ 8,19-21). പ്രാർത്ഥനയിൽ മുഴുകിയിരുന്ന ഈ സമൂഹത്തിലാണ് പരിശുദ്ധാത്മാവ് ഇറങ്ങിവന്നതും സഭയ്ക്കു രൂപംകൊടുക്കുവാൻ പര്യാപ്തമായ സുവിശേഷപ്രഘോഷണം ആരംഭിക്കുന്നതും. സഭയോടൊത്തും സഭയുടെ കൂട്ടായ്മയിലും പ്രാർത്ഥനാജീവിതം നയിച്ച് അരൂപിയിൽ ശക്തി പ്രാപിക്കുന്നവർക്കാണ് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന പ്രേഷിതജീവിതം നയിക്കുവാൻ സാധിക്കുന്നത്.





# ആത്മമാരിയിൽ ആനന്ദിക്കാം

**ഷീലമ്മ പൂതക്കുഴി**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

അരൂപിയുടെ ആവാസത്തിൽ, ആത്മസന്തോഷത്തിൽ നിറഞ്ഞ്, യൂദയായുടെ മലമ്പ്രദേശത്തുകൂടെ തിടുക്കത്തിൽ യാത്രചെയ്യുന്ന പരിശുദ്ധ അമ്മ. മറിയത്തിന്റെ അഭിവാദന സ്വരം ഏലീശ്വാപുണ്യവതിയെ പുളകിതയാക്കുന്നു. പരിശുദ്ധാരൂപിയുടെ നിറവിനാൽ, ഏലീശ്വായുടെ ഉദരത്തിലെ ശിശു കുതിച്ചുചാടുകയാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് മറിയം സ്തോത്രഗീതം ഉരുവിടുന്നു. അതുപോലെതന്നെ ഏലീശ്വായും ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു. ഉത്ഥിതനായ മിശിഹാ, നിത്യസഹായകനായ പരിശുദ്ധാത്മാവിനെ ശിഷ്യരിലേക്ക് നിശ്വസിക്കുന്നു. അരൂപിയാൽ നിറഞ്ഞ ശിഷ്യന്മാർ, മിശിഹായുടെ വക്താക്കളായി, ദൈവരാജ്യത്തിന്റെ സുവിശേഷവുമായി നാടെങ്ങും പോകുന്നു. അശക്തരായിരുന്നവർ അരൂപിയുടെ നിറവിനാൽ ശക്തരായിമാറുന്നു.

മാമ്മോദീസായിലൂടെ ദൈവമക്കളായിത്തീർന്ന നാം തൈലാഭിഷേകത്തിലൂടെ അരൂപിയാൽ നിറഞ്ഞ്, വിവിധ കൂദാശകളിലൂടെ നിരന്തരം അരൂപിയാൽ ശക്തരാക്കപ്പെട്ട് മിശിഹായിൽ നയിക്കപ്പെടുന്നവരാണ്. ഈ ദൈവാരൂപി എന്നിൽ നിരന്തരം പ്രവർത്തനനിരതമാണോ? അതോ ചാരം മൂടിക്കിടക്കുന്ന 'കനൽ' പോലെ എന്നിൽ മയങ്ങുകയാണോ? എന്നിലെ അരൂപിയെ ഊതി ഉണർത്തി, പരി. അമ്മയെപ്പോലെ കർമ്മനിരതരാകുവാൻ, ശിഷ്യന്മാരെപ്പോലെ മിശിഹായുടെ വക്താക്കളാകുവാൻ എനിക്കും നിനക്കും സാധിക്കണം.

***– അതിന് –***

*അരൂപിയുടെ നിറവിനായി പ്രാർത്ഥിക്കുക.*

*അരൂപിയെ കൊടുക്കുന്ന ജീവിതം നയിക്കുക.*

*അരൂപിയുടെ ദാനങ്ങളും ഫലങ്ങളും ജീവിതത്തിൽ നിറയ്ക്കുക.*

*ആയിരിക്കുന്ന സാഹചര്യങ്ങളിൽ, ജോലിസ്ഥലങ്ങളിൽ, ആത്മാർത്ഥതയുടെ, സത്യസന്ധതയുടെ ജീവിതം കാഴ്ചവയ്ക്കുക.*

*കിട്ടുന്നതിനെക്കാൾ കൊടുക്കുന്നതിൽ സംതൃപ്തരാകുക.*

*കഴിവുകൾ, ആരോഗ്യം, സമയം.... അങ്ങനെ ദൈവം ദാനമായി നൽകിയതെല്ലാം ദൈവത്തിനും സഹോദരങ്ങൾക്കുമായി കൊടുക്കുക.*

പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യം ഏലീശ്വായിൽ ഉണ്ടാക്കിയ അനുഭവം, നമ്മെ കാണുന്നവരിൽ, നമ്മോട് ഇടപെടുന്നവരിൽ ഉണ്ടാകട്ടെ. നമ്മിലെ ദൈവാരൂപിയുടെ നിറവ്, മറ്റുള്ളവരെ ദൈവത്തിലേക്ക് ഒരു ചുവടുകൂടി അടുപ്പിക്കുവാൻ ഉത്തേജിപ്പിക്കട്ടെ!



# കുടുംബം: ദൈവഹിതം പൂർത്തിയാക്കേണ്ട ഇടം

ഡോ. തോമസ്
പൂവത്താനിക്കുന്നേൽ

ദൈവികപദ്ധതിയിൽ പ്രത്യേകം വിളിക്കപ്പെട്ടവനായ അബ്രാഹത്തിന്റെ നാമം രക്ഷാപദ്ധതിയുടെ പ്രാരംഭം കുറിക്കുന്ന നാമമായി. "അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ ഈശോമിശിഹായുടെ വംശാവലിഗ്രന്ഥ"ത്തോടെയാണ് രക്ഷാപദ്ധതിയുടെ പൂർത്തീകരണചരിത്രമായ സുവിശേഷം ആരംഭിക്കുന്നതുതന്നെ (മത്താ 1,1).

ദൈവത്തിന്റെ ചരിത്രാവതരണം "അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം" എന്നാണല്ലോ. ഹാരാൻദേശവും സ്വന്തബന്ധങ്ങളും പിതൃഭവനവുംവിട്ട് ദൈവം കാട്ടിക്കൊടുത്ത കാനാൻദേശത്ത് തലമുറകൾക്ക് അനുഗ്രഹമായിത്തീരുന്നതിനുള്ള വിളി സ്വീകരിച്ചെത്തിയ അബ്രാഹം (ഉല്പ 12,1-5), പിന്നീടുള്ള തന്റെ ജീവിതയാത്രയിൽ സഹോദരപുത്രൻ ലോത്തിനോടു വിടപറഞ്ഞ് ദൈവത്തോടുചേർന്നു മുന്നേറി. പലപ്പോഴും അബ്രാഹം തന്റെ ജീവിതത്തിൽ ദൈവദൂതന്മാരുടെ സാന്നിദ്ധ്യവും ദൈവഹിതവെളിപ്പെടുത്തലുകളും വാഗ്ദാനങ്ങളും അനുഭവിക്കുന്നു. ദൈവതിരുമുമ്പിൽ വ്യാപരിക്കുവാനും പരിഛേദിച്ചു മാറ്റപ്പെട്ട് ദൈവത്തോട് ഉടമ്പടി ചെയ്യുവാനുംഉള്ള ദൈവിക ആഹ്വാനം അവനു ലഭിച്ചു. ദൈവത്തിന്റെ വാഗ്ദാനപൂർത്തീകരണമായി ഇസഹാക്കിനെ ലഭിച്ചു. എന്നാൽ ദൈവഹിതം നിവൃത്തിയാകുന്നതിനായി കാത്തിരിക്കുവാൻ ക്ഷമ കാട്ടാതിരുന്ന സാറായും അവളോടു ചേർന്ന അബ്രാഹവും കുടുംബത്തിലേക്ക് അസ്വസ്ഥതകളും ആകുലതകളും ക്ഷണിച്ചുവരുത്തി.

ദൈവതിരുമുമ്പിൽ വ്യാപരിക്കുവാനും കുറ്റമറ്റവനായിരിക്കാനുമുള്ള (ഉല്പ 17,1) ദൈവവിളിക്ക് ജീവിതത്തിൽ പ്രത്യുത്തരം നല്കാൻ പരാജയപ്പെട്ട നിമിഷങ്ങൾ! സാറായുടെ അക്ഷമസ്വഭാവം! പുത്രനെ ലഭിക്കുമെന്ന ദൈവദൂതന്മാരുടെ അറിയിപ്പു ചിരിച്ചുതള്ളിയവൾ, പ്രായം ഏറിയപ്പോൾ, ആ വാഗ്ദാനം പൂർത്തീകരിക്കപ്പെടുമെന്നു വിശ്വസിച്ച് കാത്തിരിക്കാത്തതിൽ അതിശയിക്കേണ്ടതില്ല. അപരന്റെ മുമ്പിൽ ആക്ഷേപപാത്രമാകാതിരിക്കുന്നതിനുവേണ്ടിയോ സാറാ കുഞ്ഞിനെ കാംക്ഷിച്ചത്? മക്കൾ തങ്ങളുടെ പേരിനും പ്രശസ്തിക്കും വേണ്ടിയോ? എന്നാൽ അപമാനം നീക്കാനുള്ള സ്വന്തം പദ്ധതിയും ദൈവികപദ്ധതിക്കായി കാത്തിരിക്കാനുള്ള അക്ഷമസ്വഭാവവുംമൂലം സാറായി കൂടുതൽ നിന്ദിതയായി (ഉല്പ 16,4). ദാസിയെ സ്വന്തം ഹിതാനുസാരം ഭർത്താവിനു സമ്മാനിച്ചവൾ തന്റെ പദ്ധതി കൂടുതൽ നാശം വിതച്ചപ്പോൾ അവയെല്ലാം ഭർത്താവിന്റെ കുറ്റമായി അവന്റെമേൽ ചുമത്തുന്നു (ഉല്പ 16,5). ദൈവത്തെ അവിടെ വിധിയാളനായി അവൾ വിളിച്ചുവരുത്തുന്നു. അതുവരെ ദൈവഹിതത്തിനോ ദൈവദൂതന്മാരുടെ അറിയിപ്പിനോ ജീവിതത്തിൽ വില കല്പിക്കാത്തവൾ, കഷ്ടതകൾ വന്നപ്പോൾ അപരനെ കുറ്റം വിധിക്കുകയും ദൈവതിരുമുമ്പിൽ സ്വയം നീതീകരിക്കുകയും ചെയ്യുന്നു.

ഭാര്യയുടെ പരാതിക്കുമുമ്പിൽ അവളുടെ ഇഷ്ടത്തിനായി ദാസിയെ വിട്ടുകൊടുത്ത അബ്രാഹവും വിളിയുടെ വഴിയാത്രയിൽ വീണുപോകുകയാണോ? അങ്ങനെ ആദ്യത്തെ സ്ത്രീപീഡനം, ഗാർഹികപീഡനം അരങ്ങേറുകയായി. പീഡനവിധേയയായ ഹാഗാറിന്റെ ഒളിച്ചോട്ടത്തിൽ ദൈവം സഹായിക്കാൻ എത്തുകയും അവളെ യജമാനത്തിയുടെ അടുക്കലേക്ക് തിരിച്ചയയ്ക്കുകയും ചെയ്യുന്നു. സ്വന്ത ഇഷ്ടങ്ങളുടെ പൂർത്തീകരണഫലങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകാതെ, ആവശ്യങ്ങൾ കഴിയുമ്പോൾ അവഗണിക്കുന്ന സ്വാർത്ഥഭാവമാണ് സാറായിൽ നിഴലിക്കുന്നത്.

വാഗ്ദാനം പൂർത്തിയായി. സാറായിൽ മകൻ ജനിച്ചു. പുതിയ പ്രശ്നങ്ങൾ ആരംഭിച്ചു. ദാസിയുടെ മകൻ യജമാനത്തിയുടെ മകനുമായി കളിക്കുന്നത് സഹിക്കാനാവാത്ത സാറ! തന്റെ അപമാനം നീക്കാൻ ദാസിയെയും അവളിൽനിന്നുള്ള കുഞ്ഞിനെയും ഒരിക്കൽ സാറായ്ക്ക് ആവശ്യമായിരുന്നു. എന്നാൽ ഇന്നവളുടെ കുഞ്ഞ് സ്വന്തം കുഞ്ഞിനോടൊപ്പമായിരിക്കുന്നത് അവൾക്ക് അപമാനകരമോ?

ദാസിയെ ഭർത്താവിനു ഭാര്യയായി നല്കിയവൾ ഇപ്പോൾ അവളെ അടിമപ്പെണ്ണെന്നു വിളിച്ചാക്ഷേപിക്കുന്നു. അവരെ പുറന്തള്ളുവാൻ അബ്രാഹത്തിനോട് ആവശ്യപ്പെടുന്നു. ഇവിടെയും പ്രശ്നപരിഹാരത്തിന് സ്വന്തം പദ്ധതികൾ, അതും തീർത്തും മനുഷ്യത്വരഹിതമായ പ്രവൃത്തികൾ നടപ്പിലാക്കുന്നു. ദാസിയെയും അവളുടെ കൈക്കുഞ്ഞിനെയും മരുഭൂമിയിലേക്ക് നിഷ്കരുണം പറഞ്ഞയയ്ക്കുന്നു. അശരണരായവരുടെ ശരണമായവൻ, നെടുവീർപ്പുകൾക്കുപോലും ഉത്തരം നല്കുന്നവൻ, ഹാഗാറിന്റെയും കുഞ്ഞിന്റെയും സംരക്ഷകനാകുന്നു. ഭാര്യയുടെ സ്വയംകൃതപദ്ധതികൾക്കു കൂട്ടുനില്ക്കുന്ന അബ്രാഹം സ്വന്തം കുഞ്ഞിനെയും ഭാര്യയെയും മരണത്തിനു വിട്ടുകൊടുക്കുന്ന സാഹചര്യത്തിൽ എത്തിച്ചേരുന്നു. മാനുഷിക പദ്ധതികളുടെ പരാജയം, ദൈവഹിതത്തിനു വിരുദ്ധയാത്രയാൽ വരുന്ന അപഭ്രംശങ്ങൾ, അഹങ്കാരികളുടെയും സ്വാർത്ഥമതികളുടെയും അധഃപതനം; അശരണരുടെയും ആലംബഹീനരുടെയും ദൈവാശ്രയത്വവും അതുവഴിയുള്ള ജീവിതവിജയവുമെല്ലാം ഇവിടെ ദൃശ്യമാകുന്നു.

മരുഭൂമിയിലേക്ക് മനുഷ്യത്വരഹിതമായി എറിയപ്പെട്ട ഹാഗാറും കുഞ്ഞും... മരണവക്ത്രത്തിലെത്തിയ കുഞ്ഞിന്റെ മരണം കാണാൻ കഴിയാതെ, അവന്റെ വേദനയും രോദനവും സഹിക്കാനാവാതെ ആ കുഞ്ഞിൽനിന്നകലുകയും മുഖം തിരിക്കുകയും ചെയ്യേണ്ടിവന്ന അമ്മയുടെ വേദന! മനുഷ്യൻ ദൈവഹിതവിരുദ്ധമായി കെട്ടിപ്പടുക്കുന്ന ജീവിതസുഖങ്ങളിൽ ഞെരിഞ്ഞമരുന്ന ജീവിതങ്ങൾ! എന്നാൽ ദുഷ്ടന്റെയും ശിഷ്ടന്റെയുംമേൽ ഒരുപോലെ സൂര്യനെ ഉദിപ്പിക്കുന്ന, നന്മകൾ ചൊരിയുന്ന, വെയിലും മഴയും നല്കുന്ന ദൈവം അവരെയും സഹായിക്കുന്നു. ദൈവതിരുമുമ്പിൽ മുഖംനോട്ടമില്ല: "യഹൂദരെന്നോ ഗ്രീക്കുകാരെന്നോ അടിമകളെന്നോ സ്വതന്ത്രരെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല. നിങ്ങളെല്ലാവരും ഈശോമിശിഹായിൽ ഒന്നാണ്" (ഗലാ 3,28). നല്ലവരെന്നും ദൈവികകാര്യങ്ങളിൽ തല്പരരെന്നും കരുതുന്നവർപോലും അറിഞ്ഞും അറിയാതെയും ജീവിതത്തിൽ പരാജയപ്പെടുന്ന, തെറ്റിവീഴുന്ന, തെറ്റിൽവീഴുന്ന, തെറ്റുചെയ്യുന്ന അവസരങ്ങൾ ഉണ്ടാകുമെന്ന ബോദ്ധ്യം നമ്മെ ഉയിർത്തെഴുന്നേല്ക്കുവാൻ, തീർത്ഥാടനലക്ഷ്യത്തിലേക്ക് നീങ്ങുവാൻ സഹായിക്കും.


ദൈവത്തിലുള്ള വിശ്വാസത്തിനു വിരുദ്ധമായി സ്വഹിതത്തെ പ്രതിഷ്ഠിച്ചതിന്റെ തിക്തഫലമറിഞ്ഞ അബ്രാഹം എല്ലാറ്റിനുമുപരി






ദൈവത്തിൽ തന്റെ വിശ്വാസവും അതിൽനിന്നുരുത്തിരിയുന്ന പ്രത്യാശയും അർപ്പിക്കുന്നതു നാം കാണുന്നു (ഉല്പ 22,8). തന്റെ പുത്രന്റെ മരണസാഹചര്യത്തിൽ ഹാഗാർ അനുഭവിച്ച വേദനയുടെ അനുഭവത്തിലൂടെ സ്വപുത്രനെ ബലികഴിക്കാനുള്ള യാത്രയിൽ അബ്രാഹവും കടന്നുപോയി. വിശ്വാസത്തിലൂടെ അബ്രാഹം എല്ലാം വീണ്ടെടുത്തു.

അബ്രാഹം-സാറാദമ്പതികളുടെ ജീവിതാനുഭവവും മാതൃകയും ഓരോ കുടുംബത്തിനും അനുകരണീയവും ഒട്ടേറെ പാഠങ്ങൾ ഉൾക്കൊള്ളുവാൻ ഉതകുന്നതുമാണ്. ഉല്പത്തിപുസ്തകത്തിന്റെ ഏടുകളിൽ തെളിയുന്ന ഈ ദമ്പതികളെ ധ്യാനപൂർവകമായ വായനയിലൂടെ കണ്ടെത്താൻ എല്ലാ ദമ്പതികൾക്കും കഴിയട്ടെ.



# തിരുവചനം മക്കളോട്

"മകനേ, നിന്റെ പിതാവിന്റെ പ്രബോധനം ചെവിക്കൊള്ളുക, മാതാവിന്റെ ഉപദേശം നിരസിക്കരുത്" (സുഭാ 1,8).

"മകനേ, പാപികളുടെ പ്രലോഭനത്തിനു വഴങ്ങരുത്" (സുഭാ 1,10).

"മകനേ, ശ്രദ്ധിച്ചു കേൾക്കുക. വിവേകം പുലർത്തുക. മനസ്സിനെ നല്ല വഴിക്കു നയിക്കുകയും ചെയ്യുക" ( സുഭാ 23,19).

"നിനക്കു ജന്മം നല്കിയ പിതാവിനെ അനുസരിക്കുക. വൃദ്ധയായ അമ്മയെ നിന്ദിക്കരുത്" (സുഭാ 23,22).

"മക്കൾ പിതാവിനെ ബഹുമാനിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. അവിടുത്തെ പുത്രന്മാരുടെമേൽ അമ്മയ്ക്കുള്ള അവകാശം ഉറപ്പിച്ചിരിക്കുന്നു" (പ്രഭാ 3,2).

"പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു" (പ്രഭാ 3,3).

"അമ്മയെ മഹത്ത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു" (പ്രഭാ 3,4).

"പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും. അമ്മയുടെ ശാപം അവയുടെ അടിത്തറ ഇളക്കും" (പ്രഭാ 3,9).

"മകനേ, വിനയംകൊണ്ട് മഹത്ത്വമാർജ്ജിക്കുക. നിലവിട്ട് സ്വയം മതിക്കരുത്" (പ്രഭാ 10,28).



# മാതാപിതാക്കളേ ഉണരുക

മങ്ങാടൻ

അവനെ നമുക്ക് അനൂപ് എന്നു വിളിക്കാം. ആറാം ക്ലാസിൽനിന്നും ഏഴാം ക്ലാസിലേക്ക് കഷ്ടിച്ചു കയറി. കൗൺസിലിംഗിനായി അവൻ മുറിയിലേക്കു കടന്നുവന്നപ്പോൾ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ആ നിഷ്കളങ്കത, പുഞ്ചിരി തുളുമ്പി നില്ക്കേണ്ട അവന്റെ മിഴികളിൽ കണ്ടത് നിരാശയുടെ നിഴലാട്ടമായിരുന്നു. മുഖവുരയൊന്നും കൂടാതെ വിതുമ്പുന്ന ചുണ്ടുകളോടെ അവൻ വിവരിച്ചു തുടങ്ങി... "ഞാൻ പെട്ടുപോയി... എന്റെ ജീവിതം ഗോപിയായി. എനിക്കു പഠിക്കാനാവുന്നില്ല. പ്രാർത്ഥിക്കാനാവുന്നില്ല. മാതാപിതാക്കന്മാരെ സ്നേഹിക്കാനാവുന്നില്ല. എന്റെ പെങ്ങളുചേച്ചിയോട് മിണ്ടാനാവുന്നില്ല. മനഃസമാധാനം നഷ്ടമായിത്തുടങ്ങി... എല്ലാവരോടും എനിക്കു ദേഷ്യമാ...

എന്റെ മാതാപിതാക്കളുടെ രണ്ടു മക്കളിൽ ഇളയവനാണ് ഞാൻ. ചേച്ചിയും ഞാനും തമ്മിൽ നല്ല പ്രായവ്യത്യാസമുണ്ട്. അതുകൊണ്ടുതന്നെ ബന്ധത്തിൽ നല്ല അകലവുമുണ്ട്. ചേച്ചി നഴ്സിംഗ് പഠനവുമായി ഹോസ്റ്റലിൽ താമസിക്കുന്നു. എന്റെ മാതാപിതാക്കന്മാർ ജോലിക്കാരാണ്. രാവിലെ ഏഴരയ്ക്കുപോയാൽ വൈകുന്നേരം ഏഴിനാണു തിരിച്ചുവരുന്നത്. സ്ക്കൂൾസമയം കഴിഞ്ഞും അവധിദിവസങ്ങളിലും ഞാൻ ഒറ്റയ്ക്കാണ് വീട്ടിൽ. എനിക്കു കൂട്ടിനു വരുന്ന ചേട്ടായിയാ എന്നെ കുഴിയിൽ വീഴ്ത്തിയത്... പ്ലസ്ടുവിനു പഠിക്കുന്ന, നാട്ടിൽ എല്ലാവർക്കും പ്രിയങ്കരനായ ചേട്ടായി..."

ഏഴാം ക്ലാസിലേക്കു ജയിച്ച ഈ കുഞ്ഞ് അടിമപ്പെടാത്ത തിന്മകളെന്നു പറയുവാൻ ബാക്കിയൊന്നുമില്ല... മയക്കുമരുന്ന്, പുകവലി, മദ്യപാനം, ലൈംഗികതിന്മകൾ എന്നിവയ്ക്കെല്ലാം കുരുന്നു പ്രായത്തിൽത്തന്നെ അവൻ അടിമപ്പെട്ടിരിക്കുന്നു! ഇക്കാര്യങ്ങളൊന്നും പണത്തിൽമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന മാതാപിതാക്കൾ അറിഞ്ഞിട്ടേയില്ല എന്നത് ഞെട്ടിപ്പിക്കുന്ന വാസ്തവം!!

അനൂപ് എന്ന കൗമാരക്കാരൻ ഇന്നത്തെ കൗമാര തലമുറയുടെതന്നെ പ്രതീകം എന്നു വേണം കരുതാൻ... അശുദ്ധിയുടെ സ്പർശമേല്ക്കാത്ത കുഞ്ഞുങ്ങൾ വിരലിലെണ്ണാൻ മാത്രം... എന്തേ നമ്മുടെ കുഞ്ഞുങ്ങൾ ഇങ്ങനെ? എന്തുകൊണ്ടിവർ വിശുദ്ധിയുടെ പാഠങ്ങൾ അവഗണിക്കുന്നു... മറക്കുന്നു...?

മക്കൾ ധനമെന്നു കരുതുന്ന മാതാപിതാക്കൾ അവരുടെ എല്ലാ കാര്യങ്ങളിലും ശ്രദ്ധ പുലർത്തും. അവരുടെ നീക്കങ്ങൾ, സൗഹൃദ

ങ്ങൾ, സ്വഭാവവ്യതിയാനങ്ങൾ എന്നിവയൊക്കെ കണ്ടെടുക്കുകയും അവരോടൊപ്പം സമയം ചെലവഴിച്ച് കാര്യകാരണങ്ങൾ കണ്ടെത്തുകയും ചെയ്യും. ഒരു പെൺകുഞ്ഞിന്റെ സങ്കടം അണപൊട്ടിയപ്പോൾ അവൾ പറഞ്ഞതിപ്രകാരമാണ്... "എന്നെയൊന്നു കേൾക്കുവാൻ, എന്റെകൂടെ ഇത്തിരിനേരം ഒന്നിരിക്കുവാൻ, എന്നെയൊന്ന് ലാളിക്കുവാൻ എന്റെ മാതാപിതാക്കൾ വന്നിരുന്നുവെങ്കിൽ എന്ന് ഞാൻ കൊതിച്ച സമയങ്ങളുണ്ട്. അവർക്ക് ജോലി, ജോലി, ജോലി..."

മാതാപിതാക്കന്മാരേ, ആർക്കുവേണ്ടിയാണ് നിങ്ങൾ നെട്ടോട്ടമോടുന്നത്? നിങ്ങളുടെ സമ്പത്താകേണ്ട മക്കളെ ശ്രദ്ധിക്കാതെ മക്കൾക്കുവേണ്ടി സമ്പത്തുണ്ടാക്കുവാനോടുമ്പോൾ ഒരു കാര്യം മറക്കേണ്ട... ഓടിയതത്രയും വ്യർത്ഥമായി എന്നത്!

പ്രഭാഷകന്റെ പുസ്തകം 30-ാം അദ്ധ്യായത്തിൽ തമ്പുരാൻ നമ്മെ ഓർമ്മപ്പെടുത്തുന്ന സത്വചനങ്ങളുണ്ട്: "പുത്രനെ സ്നേഹിക്കുന്നവൻ അവനെ പലപ്പോഴും അടിക്കുന്നു: വളർന്നുവരുമ്പോൾ അവൻ പിതാവിനെ സന്തോഷിപ്പിക്കും. മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻമൂലം നന്മയുണ്ടാകും. സ്നേഹിതരുടെ മുമ്പിൽ അവനെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യും. മകനെ പഠിപ്പിക്കുന്നവൻ ശത്രുക്കളെ അസൂയാലുക്കളാക്കുന്നു. സ്നേഹിതരുടെ മുമ്പിൽ അവന് അഭിമാനിക്കാം. ആ പിതാവ് മരിച്ചാലും മരിക്കുന്നില്ല. തന്നെപ്പോലെ ഒരുവനെ അവൻ അവശേഷിപ്പിച്ചിട്ടുണ്ട്. ജീവിച്ചിരുന്നപ്പോൾ അവൻ മകനെ കണ്ടു സന്തോഷിച്ചു. മരിക്കുമ്പോൾ അവന് ദുഃഖമില്ല. മകനെ വഷളാക്കുന്നവന് മുറിവ് വച്ചുകെട്ടേണ്ടിവരും. അവന്റെ ഓരോ നിലവിളിയും പിതാവിനെ വേദനിപ്പിക്കും. മെരുക്കാത്ത കുതിര ദുശാഠ്യം കാണിക്കും; ശിക്ഷണം ലഭിക്കാത്ത പുത്രൻ തന്നിഷ്ടക്കാരനാകും. പുത്രനെ അമിതമായി ലാളിച്ചാൽ അവൻ നിന്നെ ഭയപ്പെടുത്തും. അവന് യൗവ്വനത്തിൽ അധികാരം നല്കുകയോ അവന്റെ തെറ്റുകൾ അവഗണിക്കുകയോ അരുത്. ചെറുപ്പത്തിലേതന്നെ അവനെ വിനയം അഭ്യസിപ്പിക്കുകയും ശിക്ഷിക്കുകയും ചെയ്യുക. അല്ലെങ്കിൽ അവൻ അനുസരണമില്ലാത്ത നിർബന്ധബുദ്ധിയായിത്തീർന്ന് നിന്നെ ദുഃഖിപ്പിക്കും. മകന്റെ ലജ്ജാകരമായ പ്രവൃത്തികൾ നിമിത്തം ദുഃഖിക്കാതിരിക്കേണ്ടതിന് അവനെ ശിക്ഷണത്തിൽ വളർത്താൻ ശ്രദ്ധിക്കുക".

നമുക്കിവ ഹൃദയത്തോടു ചേർത്തുവയ്ക്കാം... ഒപ്പം മക്കളെയും. അതിനുശേഷംമതി ഭൗതികസമ്പത്തൊക്കെ.



നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.

ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: **എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം-686 018**


# എന്തുകൊണ്ട് ഉള്ളവനു കൂടുതൽ?

*"ഉള്ളവനു നല്കപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും" (മർക്കോ 4,25) എന്ന ഈശോയുടെ വാക്കുകൾ അനീതിയല്ലേ എന്നു തോന്നിപ്പോകുന്നു. ഇതിനെ എങ്ങനെ മനസ്സിലാക്കാനാവും?* **ലിസി തോമസ്, കാസർഗോഡ്**

ഉപമകൾ വിവരിക്കുന്ന നാലാം അദ്ധ്യായത്തിലാണ് വി. മർക്കോസിന്റെ സുവിശേഷത്തിൽ ഈ ഭാഗം കാണുന്നത്. വി. മത്തായിയുടെ സുവിശേഷത്തിൽ താലന്തുകളുടെ ഉപമയുടെ അവസാനഭാഗത്തും (25,29), ലൂക്കാസുവിശേഷകനിൽ നാണയങ്ങളുടെ ഉപമയുടെ ഒടുവിലും (19,26) ഇതേ പ്രസ്താവന കാണുന്നുണ്ട്. യഥാർത്ഥത്തിൽ ഈ ഉപമകളുടെ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽവേണം ഈശോയുടെ ഈ വാക്കുകൾ മനസ്സിലാക്കുവാൻ. താലന്ത് ദൈവത്തിന്റെ ദാനങ്ങളെ സൂചിപ്പിക്കുന്നു. പല തരത്തിലും പല അളവിലുമാണ് ദൈവികദാനങ്ങൾ ഓരോരുത്തർക്കും ലഭിക്കുക. എന്നാൽ ഈ ദാനങ്ങളുടെ എണ്ണത്തിനോ അളവിനോ അല്ല പ്രാധാന്യം. മറിച്ച്, അതെങ്ങനെ വിനിയോഗിക്കുന്നു, പ്രയോജനപ്പെടുത്തുന്നു എന്നതിലാണ്. തനിക്ക് ലഭിച്ചിരിക്കുന്ന കഴിവുകളെ വികസിപ്പിക്കുന്നതിന്റെ തോതിനാനുപാതികമായ മഹത്ത്വമായിരിക്കും ഒരുവനു ലഭിക്കുക. നിരന്തര പരിശ്രമത്തിലൂടെ കഴിവുകൾ വികസിപ്പിക്കാനാവും. അതേസമയം ഉപയോഗിക്കാതെയിരുന്നാൽ കഴിവുകൾ നഷ്ടപ്പെടുകയും ചെയ്യും. ഉപയോഗിക്കാത്ത ഇരുമ്പ് തുരുമ്പെടുക്കുന്നത് സ്വാഭാവികമാണല്ലോ. ഈ സാമാന്യചിന്തയുടെ ചുവടുപിടിച്ചായിരിക്കണം ഈശോ ഇതു പറഞ്ഞത്. മർക്കോസ്സുവിശേഷകൻ ഈ പ്രസ്താവന മാത്രമെടുത്ത് മറ്റുപമകളുമായി ബന്ധപ്പെടുത്തിയതാവണം.

ദൈവം എടുക്കുന്നു എന്നയർത്ഥത്തിലല്ല, ഇല്ലാത്തവനിൽനിന്ന് ഉള്ളതുകൂടി എടുക്കപ്പെടും എന്നത് മനസ്സിലാക്കേണ്ടത്. ഒരുവനു ലഭിക്കുന്ന വരദാനങ്ങൾ നഷ്ടപ്പെടാനുള്ള കാരണക്കാരൻ അവൻതന്നെയാണ്. ഉദാഹരണമായി, മനഃസാക്ഷിയുടെ പ്രേരണകൾക്കനുസരിച്ച് പ്രവർത്തിക്കാതിരുന്നാൽ കാലാന്തരത്തിൽ ആ സ്വരം നിശബ്ദമാകും. ഇതുപോലെ വിശ്വാസത്തിനനുസൃതമായ ജീവിതം നയിക്കാത്തപ്പോൾ ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ കാഴ്ചപ്പാടും മന്ദീഭവിക്കുന്നു. വിശ്വാസം സജീവമായി നിലനിർത്തുന്നില്ലെങ്കിൽ ക്രമേണ അതു നഷ്ടമാകും. ഏതു മേഖലയിലായാലും തങ്ങൾക്കുള്ളവ മെച്ചപ്പെട്ട രീതിയിൽ ഉപയോഗിച്ച് കൂടുതൽ കൂടുതൽ നേട്ടങ്ങളുണ്ടാക്കുന്നവരെ ഈലോകത്തിൽ നാം കാണുന്നുണ്ട്. ആത്മീയകാര്യങ്ങളിലും ഇതു സംഭവിക്കും. വിശ്വസിക്കുന്നവൻ കൂടുതൽ വിശ്വാസത്തിൽ വളരുന്നു; സ്നേഹിക്കുന്നവൻ കൂടുതൽ സ്നേഹിക്കുന്നവനായിത്തീരുന്നു; ദൈവികവെളിപാടിനായി ആഗ്രഹിക്കുന്നവർക്ക് കൂടുതൽ ദൈവികപ്രകാശം ലഭിക്കുന്നു. എന്നാൽ നിരുത്തരവാദിത്വപരമായ ജീവിതം നല്കപ്പെട്ട വരങ്ങൾക്കൂടി നഷ്ടപ്പെടുത്തുന്നു.


# വിശുദ്ധിയുടെ മുത്തുകൾക്ക്




**പ്രിയ കൂട്ടുകാരേ,** ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളെ അനുസ്മരിക്കുന്ന ശ്ലീഹാക്കാലം വന്നെത്തി. പന്തക്കുസ്താ തിരുനാളിൽ, പരി. ആത്മാവിനാൽ നിറഞ്ഞ ശ്ലീഹന്മാർ സധൈര്യം ഈശോയ്ക്കു സാക്ഷ്യം നൽകി. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾ ഇവിടെ കൊടുക്കുന്നു. അവയുടെ ഉത്തരങ്ങൾ കണ്ടെത്തി താഴെ കാണുന്ന ചിത്രത്തിൽ അടയാളപ്പെടുത്തുക.

1. **ഭാരതത്തിന്റെ ശ്ലീഹാ ആരാണ്?**
2. **പന്ത്രണ്ട് ശ്ലീഹന്മാരുടെ കൂടെ ഉൾപ്പെടാത്ത ഒരാൾ ശ്ലീഹാ എന്നറിയപ്പെടുന്നു. ആരാണദ്ദേഹം?**
3. **യൂദാസിനു പകരം ശ്ലീഹന്മാരുടെ ഗണത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതാരാണ്?**
4. **പന്തക്കുസ്താ ദിനത്തിൽ മറ്റ് പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്ന് ഉച്ചസ്വരത്തിൽ പ്രസംഗിച്ച ശ്ലീഹാ ആരാണ്?**
5. **എത്യോപ്യാക്കാരനായ ഷണ്ഡനു ജ്ഞാനസ്നാനം കൊടുത്ത ശ്ലീഹാ ആരാണ്?**
6. **പന്ത്രണ്ടു ശ്ലീഹന്മാരിൽ ആദ്യം രക്തസാക്ഷിയായത് ആരാണ്?**
7. **പത്രോസ് മുടന്തനു സൗഖ്യം കൊടുത്തപ്പോൾ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന ശ്ലീഹാ ആരാണ്?**
8. **പത്രോസിന്റെ സഹോദരനായ ശ്ലീഹാ ആരാണ്?**
9. **ചുങ്കക്കാരനായിരുന്ന ശ്ലീഹാ ആരാണ്?**

✂ ..........................................✂.............



പേര്...........................................................................................

വയസ്..........മേൽവിലാസം....................................................................

..........................................................................................................

.............................................................പിൻ.......................................

✂ ..........................................✂.............

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ജൂലൈ 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018

*തയ്യാറാക്കിയത്: ജിനു നിരപ്പേൽ*





## ബാലനോവൽ – 4

**തെ**റ്റു മനസ്സിലാക്കിയപ്പോൾ പള്ളിയുടെ നേർക്കു തിരിഞ്ഞ് ഈശോയോടു ക്ഷമചോദിക്കാൻ അവർ ഒട്ടും വൈകിയില്ല. "ഇനിയിതെന്തുചെയ്യും? ഇവിടെ വച്ചാൽ ആരെങ്കിലും കാണില്ലേ? നമുക്കിത് അച്ചന്റെ കൈയിൽ കൊടുത്താലോ?" റ്റോമി പരിഹാരം പെട്ടെന്നു പറഞ്ഞു. "അച്ചൻ നമ്മളേ, വഴക്കുപറയുമോ?" മിനിക്കാണ് സംശയം. "സാരമില്ല, നമ്മൾ തെറ്റുചെയ്തിട്ടല്ലേ..." ആനി പറഞ്ഞതുകേട്ട് അവർ വേഗം നടന്ന് അച്ചന്റെ അടുത്തെത്തി. "അച്ചാ...." വിറയ്ക്കുന്ന സ്വരത്തോടെ ആനി വിളിച്ചു. "എന്താ മക്കളെ എന്തുപറ്റി?" വികാരിയച്ചന്റെ സ്വരത്തിൽ സ്നേഹവും കാരുണ്യവും നിറഞ്ഞിരുന്നു. ആനി ആ പൊതി അച്ചന്റെ നേരെ നീട്ടി.... "ഇതെന്താ?" "ഞങ്ങളോടു ക്ഷമിക്കണം അച്ചോ...." ആനി സംഭവങ്ങൾ ഓരോന്നായി വിവരിച്ചു. നിശബ്ദനായി നിന്ന് എല്ലാം കേട്ട വികാരിയച്ചന്റെ അടുത്തേക്ക് കൂപ്പുകരങ്ങളുമായി റ്റോമി ചെന്നു.... "ഇവരു വേണ്ടെന്നു പറഞ്ഞതാ.... ഞാനാ അച്ചാ...." അവന്റെ വാക്കുകൾ മുഴുമിപ്പിച്ചത് നിറഞ്ഞൊഴുകിയ കണ്ണുകളായിരുന്നു. കുനിഞ്ഞിരുന്ന അവന്റെ മുഖമുയർത്തി അച്ചൻ പറഞ്ഞു: "മക്കളേ, ഇപ്പോൾ നിങ്ങളെപ്രതി ദൈവം സന്തോഷിക്കുന്നു. വിഷമിക്കേണ്ട.... നിങ്ങൾതന്നെ നിങ്ങളുടെ തെറ്റ് മനസ്സിലാക്കിയല്ലോ... തെറ്റുപറ്റിയെന്നു മനസ്സിലായപ്പോൾ അതു മറച്ചുവയ്ക്കാതെ ഏറ്റുപറയാനും ക്ഷമചോദിക്കാനും ഇന്നു നിങ്ങൾ കാണിച്ച ഈ മനസ്സ് എന്നും നിങ്ങൾക്കുണ്ടാകണം. പണമല്ല മക്കളേ സന്തോഷം തരുന്നത്. വീട്ടിലെ കാര്യമോർത്തു വിഷമിക്കേണ്ട, ദൈവത്തിൽ ആശ്രയിക്കുന്നവനെ ദൈവം കൈവിടില്ല. സന്തോഷമായി പൊയ്ക്കൊള്ളൂ".

കുരിശുവരകഴിഞ്ഞ് വിശേഷങ്ങളെല്ലാം പറഞ്ഞ് കിടക്കാൻ ഒരുങ്ങുമ്പോൾ വാതിലിൽ ആരോ മുട്ടുന്നു. (തുടരും....)

**സ്റ്റെഫി മംഗലത്തുകുന്നേൽ**

കൂട്ടുകാരേ, 'വിശുദ്ധിയുടെ മുത്തുകളിലേക്ക്' നിങ്ങളുടെ രചനകളെയും സ്വാഗതം ചെയ്യുന്നു. നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചെറുകഥകളും കുട്ടിക്കവിതകളും സത്ചിന്തകളും, ഒരു പേജിൽ കവിയാതെ *പ്രതീക്ഷയുടെ പൂമൊട്ടുകൾക്ക്* അയച്ചുതരിക. സാധ്യമെങ്കിൽ ഫോട്ടോയും. യോഗ്യമായവ പ്രസിദ്ധീകരിക്കുന്നതാണ്.

കുടുംബ വിശുദ്ധി - 8



# യുവജനം നാളെയുടെ വാഗ്ദാനം

**മിനി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

മനുഷ്യായുസിന്റെ ഏറ്റം ഊർജ്ജസ്വലമായ കാലഘട്ടമാണല്ലോ യുവത്വം. യുവാവായ ഈശോയുടെ തേജസ്സും ഓജസ്സും ഉൾക്കൊണ്ട് ഈശോയാകുന്ന പ്രകാശത്തെ സ്വാംശീകരിച്ച്, ഈ പ്രകാശം തങ്ങൾ ജീവിക്കുന്ന കുടുംബത്തിലും സമൂഹത്തിലും പ്രസരിപ്പിക്കുന്നവരായി, സഭയിലൂടെ ഈശോയെ കൊടുക്കുന്നവരായി തീരുക എന്നതാണ് യുവജനങ്ങളുടെ ദൗത്യം. അതുവഴി സഭയിൽ യുവജനങ്ങൾ സുവിശേഷവത്കരണത്തിന്റെ അലയടികൾ ഉയർത്തുന്നവരാകും. ലിബിയായിലെ ഇരുപത്തിയൊന്ന് യുവജനങ്ങളുടെ ധീരരക്തസാക്ഷിത്വം ഇതല്ലാതെ മറ്റെന്താണ് വെളിവാക്കുക.

ജീവസുറ്റ വിശ്വാസവും സഭാത്മക ചൈതന്യവും നിറഞ്ഞുതുളുമ്പുന്ന ഒരു യുവജനതയെ രൂപീകരിച്ചെടുത്ത് വിശ്വാസത്തിന്റെയും നന്മയുടെയും ഒരു ലോകത്തെ പടുത്തുയർത്തേണ്ടവരാണ് അവർ. ഓരോ യുവതീയുവാവും സഭയെ സ്നേഹിക്കാനും ചേർത്തണയ്ക്കാനും പഠിക്കേണ്ടിയിരിക്കുന്നു. മാമോദീസാവഴി ലഭിച്ച വിശ്വാസപൈതൃകത്തെ അഭംഗുരം കാത്തുസൂക്ഷിക്കാനും കൈമാറാനും പ്രേഷിതചൈതന്യത്തിൽ മികവുറ്റവരായി നന്മയുടെ ഒരു ലോകത്തെ പടുത്തുയർത്താനും യുവജവനങ്ങൾക്ക് സാധിക്കണമെങ്കിൽ അവർ പരിപക്വമായ വിശ്വാസജീവിതം നയിക്കുന്നവരാകണം.

കരഗതമായ വിശ്വാസത്തെ പോഷിപ്പിക്കാനും തെറ്റും കുറവും കൂടാതെ കൈമാറുവാനും യുവജനത പരിശീലിക്കണം. കാരണം ഇന്നത്തെ യുവജനങ്ങൾ നാളത്തെ കുടുംബങ്ങളുടെ നെടുംതൂണുകളും ഉത്തരവാദിത്വമേറ്റെടുത്ത് കുടുംബങ്ങളെ നയിക്കേണ്ടവരും ഭരിക്കേണ്ടവരുമാണ്. യുവജനങ്ങളിലൂടെ കുടുംബത്തെയും കുടുംബങ്ങളിലൂടെ സഭയെയും സമൂഹത്തെയും അതുവഴി രാഷ്ട്രങ്ങളെയും നവീകരിച്ച് വിശുദ്ധീകരിക്കാനാവും. കൂട്ടുകുടുംബത്തിൽനിന്ന് അണുകുടുംബത്തിലേക്കുള്ള കാൽവയ്പ് ആധുനിക കുടുംബങ്ങളിലും സമൂഹത്തിലും ഒട്ടേറെ വ്യതിചലനങ്ങൾ സൃഷ്ടിക്കാനിടയായി. ഒരു വ്യക്തിയുടെ വളർച്ചയുടെ സമഗ്രത ആരംഭമിടുന്നതും അടിസ്ഥാനമുറപ്പിക്കുന്നതും കുടുംബത്തിലാണ്. വിവിധ പ്രായത്തിലുള്ളവരുമായുള്ള സഹവാസവും അവരിലൂടെ കൈമാറ്റം ചെയ്തുപോന്ന വിശ്വാസപാരമ്പര്യങ്ങളും സാമൂഹിക സാംസ്കാരിക മൂല്യങ്ങളുമൊക്കെ ഇന്ന് അന്യമാകുന്നു.

സമൂഹത്തിന്റെയും സഭയുടെയുമൊക്കെ അടിസ്ഥാനഘടകം കുടുംബമാണ്. രണ്ടാംവത്തിക്കാൻ കൗൺസിൽ കുടുംബത്തെ "ഗാർഹികസഭ"എന്നാണ് വിശേഷിപ്പിക്കുക. നവസുവിശേഷവത്കരണത്തിന് വളരെ പ്രാധാന്യമർഹിക്കുന്ന ഒരിടമാണ് കുടുംബം. യുവജനങ്ങൾക്ക് കുടുംബത്തെ എങ്ങനെ വിശുദ്ധീകരിക്കാനാവും? ആധുനികലോകം വച്ചുനീട്ടുന്ന വെല്ലുവിളികളെയും പ്രതിസന്ധികളെയും കുറിച്ച് നല്ല ജ്ഞാനം ഉള്ളവരാകുക. പരിശുദ്ധാത്മവെളിച്ചത്തിൽ തള്ളേണ്ടവയെ തള്ളാനും കൊള്ളേണ്ടവയെ കൊള്ളാനും അറിഞ്ഞിരിക്കണം. ഈ സങ്കീർണാവസ്ഥകൾക്കു മുമ്പിൽ സഭ നൽകുന്ന പ്രബോധനങ്ങളും അനുശാസനങ്ങളും പഠനങ്ങളും ഉൾക്കൊണ്ട് അവയെ മുറുകെ പിടിക്കുന്നവരാകുക.

പ്രതികൂലസാഹചര്യങ്ങളിൽനിന്നും ജീവനെതിരെയുള്ള വെല്ലുവിളികളിൽനിന്നും ഓടിയകലുക. കുടുംബഭദ്രതയെ തകർക്കുന്ന വിശ്വാസരാഹിത്യം, സ്വാർത്ഥത, സുഖലോലുപത, ദ്രവ്യാസക്തി, ലഹരി വസ്തുക്കളുടെ ഉപയോഗം, മൂല്യച്ച്യുതി, അധികാരഭ്രമം, ലൈംഗികതയുടെ അതിപ്രസരം, മലിനമാക്കപ്പെടുന്ന മാധ്യമ സംസ്കാരം, അമിതമായ ജീവിതവ്യഗ്രത... തുടങ്ങിയ ദുഷ്ടന്റെ കൂരമ്പുകളെ സധൈര്യം നേരിടാൻ യുവജനത അറിഞ്ഞിരിക്കണം. ഒപ്പം നന്മയുടെ പരിവേഷമണിയുന്ന തിന്മയെ ചെറുക്കാൻ ജാഗ്രതയുള്ളവരുമാകണം. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും കാത്തുസൂക്ഷിക്കേണ്ടതും പരിപോഷി

> *കുടുംബഭദ്രതയെ തകർക്കുന്ന വിശ്വാസരാഹിത്യം, സ്വാർത്ഥത, സുഖലോലുപത, ദ്രവ്യാസക്തി, ലഹരി വസ്തുക്കളുടെ ഉപയോഗം, മൂല്യച്ച്യുതി, അധികാരഭ്രമം, ലൈംഗികതയുടെ അതിപ്രസരം, മലിനമാക്കപ്പെടുന്ന മാധ്യമ സംസ്കാരം, അമിതമായ ജീവിതവ്യഗ്രത... തുടങ്ങിയ ദുഷ്ടന്റെ കൂരമ്പുകളെ സധൈര്യം നേരിടാൻ യുവജനത അറിഞ്ഞിരിക്കണം.*

പ്പിക്കേണ്ടതും എന്താണെന്ന് അറിയാമെങ്കിലും ഓർത്തിരിക്കേണ്ടത് അവശ്യംതന്നെ. ദൈവവിശ്വാസത്തെ ആഴപ്പെടുത്തുക, മാതാപിതാക്കളെ ബഹുമാനിക്കുക, സ്നേഹത്തിൽ സാഹോദര്യബന്ധത്തെ ദൃഢപ്പെടുത്തുക, പരസ്പരം ആദരിക്കുക. ഒപ്പം നല്ലമൂല്യങ്ങളും സവിശേഷതകളുമായ ദൈവഭയം, ദൈവഭക്തി, കൗദാശികജീവിതം, അനുദിന കുടുംബപ്രാർത്ഥന, വി. ഗ്രന്ഥ വായന, വിശ്വാസപരിശീലനം, ഭക്തസംഘടനകളിലെ സജീവഭാഗഭാഗിത്വം, കാരുണ്യപ്രവൃത്തികൾ തുടങ്ങിയവയും ഇവയ്ക്കു സദൃശ്യമായവയും സ്വാംശീകരിച്ച് വളർത്തിയെടുക്കുക. അങ്ങനെ വിശ്വാസത്തിന്റെ സാക്ഷികളും പ്രേഷിതരുമാകാൻ യുവജനങ്ങൾക്കു സാധിക്കും.

യുവജനങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു: "സ്വന്ത വ്യക്തിത്വത്തെപ്പറ്റി കൂടുതൽ ബോധവാന്മാരാകുകയും ജീവിക്കാനുള്ള ആവേശവും പ്രവർത്തനസന്നദ്ധതയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ സ്വന്തം ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനും സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ സ്വന്തഭാഗം അഭിനയിക്കാനും അവർ ആഗ്രഹിക്കുന്നു. ഈ തീക്ഷ്ണത മിശിഹായുടെ ചൈതന്യത്താൽ പൂരിതമാകുകയും സഭാധികാരികളോടുള്ള അനുസരണത്താലും സ്നേഹത്താലും നയിക്കപ്പെടുകയും ചെയ്യുന്നെങ്കിൽ വളരെയേറെ സത്ഫലങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. യുവജനങ്ങളുടെ ഇടയിൽ നേരിട്ട് പ്രേഷിതപ്രവർത്തനങ്ങൾ നടത്തേണ്ടവർ മുഖ്യമായി യുവജനങ്ങൾ തന്നെയാണ്. തങ്ങൾ ജീവിക്കുന്ന സാമൂഹ്യപരിതഃസ്ഥിതികൾ കണക്കിലെടുത്തുകൊണ്ട് അവർ തങ്ങളുടെ ഇടയിൽത്തന്നെ സ്വയം പ്രവർത്തിക്കട്ടെ".

യുവജനത കുടുംബജീവിതത്തിന്റെ പരിശുദ്ധിയെക്കുറിച്ചും ദാമ്പത്യബന്ധത്തിന്റെ പാവനതയെക്കുറിച്ചും ഉറച്ചബോധ്യവും അറിവും നേടി പരിപക്വമായ ക്രിസ്തീയജീവിതം നയിക്കുന്നവരായി തീരുക. ധാർമികമൂല്യങ്ങളിലൂടെയും ജീവിതചര്യകളിലൂടെയും നേടാനാവുന്ന വിശുദ്ധിയെക്കുറിച്ചുള്ള അറിവ് ആർജിച്ചെടുക്കുക. വിശുദ്ധമായ അറിവ് നേടാനായാൽ നല്ല കുടുംബങ്ങളെയും സാഹോദര്യബന്ധങ്ങളെയും വാർത്തെടുക്കാനും പടുത്തുയർത്താനും സാധിക്കും. അങ്ങനെ യുവജനങ്ങൾ ഉത്തമമായ പിതൃത്വത്തിനും മാതൃത്വത്തിനും ഉദാത്ത മാതൃകകളായി മാറുകയും ചെയ്യും. അതോടൊപ്പം നല്ല ഉറച്ച സമർപ്പിതദൈവവിളികളും ഉടലെടുക്കുമെന്നത് ഉറപ്പായ വസ്തുതയാണ്. വിവാഹമെന്ന കൂദാശവഴി ക്രൈസ്തവജീവിതത്തിന്റെ പൂർണതയിലേക്ക് നടന്നടുക്കുകയാണ് എന്ന ബോധ്യം, വളർന്നുവരുന്ന യുവതലമുറ മനസിലാക്കണം. മാധ്യമങ്ങളുടെ മാസ്മരികതയിൽ മനംമയങ്ങുന്ന ഒരു യുവജനതയെയല്ല പിന്നെയോ, ആധുനികലോകത്തിന്റെ വെല്ലുവിളികൾക്കും വിശ്വാസപ്രതിസന്ധികൾക്കുമെതിരെ തിരുസഭയോടു ചേർന്ന് മനസുണർന്നു പ്രവർത്തിക്കുന്ന കരുത്തുറ്റ യുവജനങ്ങളെയാണ് ഇന്നാവശ്യം. ജീവിതവിശുദ്ധിയോടെ ജീവിതാന്തസ്സിലേക്കു പ്രവേശിക്കാനുള്ള ധാർമ്മികമായ ഒരു രൂപീകരണം യുവജനതയിൽ നടന്നാൽ അവർ തിന്മയുടെ അന്ധകാരത്തിൽ ചെന്നുവീഴുകയോ ദുഷ്ടന്റെ കരാളഹസ്തത്തിലകപ്പെടുകയോ പ്രേമമെന്ന ഊരാക്കുടുക്കിൽ ഉടക്കി ജീവിതം നശിപ്പിക്കുകയോ ഇല്ല. തിന്മയും നന്മയും തിരിച്ചറിയാൻ തത്രപ്പെടുന്ന ഈ കാലഘട്ടത്തിൽ ജാഗരൂകതയോടെയും പരിശുദ്ധാത്മ ജ്ഞാനത്താൽ വിശുദ്ധിയോടെയും ജീവിതം നയിക്കാനുള്ള പ്രകാശം ലോകത്തിന്റെ വെളിച്ചമായ ഈശോയിൽനിന്നും യുവജനങ്ങൾ ആർജ്ജിച്ചെടുക്കട്ടെ!

# വീടും കൂടും ഇല്ലാത്ത ശിഷ്യർ



ജോബിൻ ജേക്കബ്

"കുറുനരികൾക്കു മാളങ്ങളുണ്ട്, പറവകൾക്കു കൂടുകളുമുണ്ട് മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല". മാളങ്ങൾ ഒളിക്കാനുള്ളതാണ്. കൂടുകൾ ചേക്കേറാനും. ക്രൈസ്തവർ ലോകത്തിൽ ഒളിച്ചുകൂടാ, അവർ എങ്ങും ചേക്കയിരുന്നുകൂടാ. അരക്ഷിതാവസ്ഥകൾ നൽകുന്ന ദൈവാനുഗ്രഹമാണ് അവരുടെ സമ്പത്ത്. തലചായ്ക്കാൻ ഇടമില്ലാത്ത മനുഷ്യപുത്രനോട് ഐക്യദാർഢ്യം പ്രഖ്യാപിക്കണമവർ. തല ചായ്ച്ച് വിശ്രമിക്കുന്നതിനു മുമ്പ് വളരെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. ഏറ്റവുമൊടുവിൽ "അവിടുത്തെ കൈകളിൽ തല ചായ്ച്ച് കണ്ണടയ്ക്കണം" അതാകട്ടെ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ. ആകാശത്തിലുമല്ല, ഭൂമിയിലുമല്ല. രണ്ടിനും മദ്ധ്യേ.

ദൈവവും മനുഷ്യനും സന്ധിക്കുന്നിടത്താണ് മിശിഹാ. മിശിഹായുള്ളിടത്താണ് മിശിഹാ ശിഷ്യർ. മനുഷ്യരുടെ നേർക്കുള്ള ദൈവകൃപയുടെ കടാക്ഷവും ദൈവത്തിന്റെ നേർക്കുള്ള മനുഷ്യന്റെ ദൃഷ്ടികളും സന്ധിക്കുന്ന അനുഗ്രഹത്തിന്റെ സിംഹാസനത്തിലാണ്, കുരിശിലാണ് മിശിഹാ ശിഷ്യൻ തല ചായ്ക്കേണ്ടത്. തിരശ്ചീനവും ലംബവുമായ അവന്റെ ജീവിതദർശനം ദൈവമനുഷ്യ രമ്യതയുടെ നിറവേറൽ സ്വപ്നം കാണണം. മാളങ്ങളിൽ ഒളിക്കാതെ, കൂടുകളിൽ രാപാർക്കാതെ മനുഷ്യപുത്രൻ നേടിയ പരിത്രാണകർമ്മത്തിന്റെ തുടർച്ചയും സാക്ഷാത്കാരവും സാധിക്കുവാൻ ശിഷ്യർ അലയണം വിശ്രമമില്ലാതെ....

"കുറുനരികൾക്കു മാളങ്ങളുണ്ട്, പറവകൾക്കു കൂടുകളുമുണ്ട്...."

ജന്തുലോകത്തിനുപോലും സ്വന്തമായുള്ള സൗകര്യം മിശിഹായ്ക്കും അവിടുത്തെ ശിഷ്യനും നിഷേധിക്കപ്പെടുന്നു. സ്വന്തമായി മാളമുള്ള കുറുനരികൾ വൈകുന്നേരങ്ങളിൽ വീടണയണം; കാത്തിരിക്കുന്നവരുണ്ടല്ലോ.... കൂടുകുള്ള പറവകൾ സന്ധ്യയ്ക്കു മുമ്പേ തിരികെയെത്തണം; വഴിക്കണ്ണുമായിരിക്കുന്നു സ്വന്തബന്ധങ്ങൾ....

ശിഷ്യൻ സ്വതന്ത്രനാണ്; സുവിശേഷം നൽകുന്ന സ്വാതന്ത്ര്യം. സന്ധ്യയുടെ ചക്രവാളങ്ങൾ നരികൾക്ക് അന്യമല്ലോ? സായംകാലത്തിന്റെ നിറഭേദങ്ങൾ പക്ഷികൾ നോക്കിനില്ക്കാറുണ്ടോ?

അങ്ങുമിങ്ങും നോക്കാതെ വീടണയുന്നവരുടെ ദൃഷ്ടികൾക്കന്യമായ ദൃശ്യങ്ങൾ മനുഷ്യപുത്രനു സ്വന്തം, മിശിഹാ ശിഷ്യന് സ്വന്തം.



# വിശ്വാസത്തിലേക്കു നയിക്കുന്ന വിനയം

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

മേരി ഫ്രാൻസിസ് അച്ചന്റെ 'നില്ക്കൂ ശാന്തമാകൂ' എന്ന പുസ്തകത്തിൽ വിവരിക്കുന്ന ഒരു സംഭവം ഇങ്ങനെയാണ്.

ക്ലാസിൽ പുതുതായി വന്ന അദ്ധ്യാപകൻ കുട്ടികളെക്കൊണ്ട് പാഠപുസ്തകം വായിപ്പിക്കുകയായിരുന്നു. ഒരു കുട്ടി ഇടം കൈയിൽ പുസ്തകം പിടിച്ച് വായിക്കാൻ തുടങ്ങി. അതു കണ്ട് അദ്ധ്യാപകന് അരിശം വന്നു. അദ്ദേഹം പറഞ്ഞു. 'ഡേർട്ടി ഫെല്ലോ: വലതുകൈയിൽ പുസ്തകം പിടിക്കെടാ. എന്നിട്ടു താനവിടെ

ഇരുന്നോളൂ. താൻ വായിക്കേണ്ട. എന്നാൽ കുട്ടി ഇരുന്നില്ല പകരം അവൻ വലതുകരം പൊക്കി കാണിച്ചു. അതിനു കൈപ്പത്തി ഇല്ലായിരുന്നു. ഏതോ അപകടത്തിൽപ്പെട്ട് കൈപ്പത്തി നഷ്ട പ്പെട്ടുപോയിരുന്നു. കൈകണ്ട അദ്ധ്യാപകൻ ഞെട്ടി. താൻ പറഞ്ഞ 'ഡേർട്ടി ഫെല്ലോ' താൻ തന്നെ എന്നൊരു തോന്നൽ. പൊട്ടിക്കരഞ്ഞു കൊണ്ട് അദ്ധ്യാപകൻ കുട്ടിയെ സമീപിച്ച് പറഞ്ഞു: "എന്നോട് ക്ഷമിക്കില്ലേ? ദയവായി കുട്ടി എന്നോടു ക്ഷമിക്കണം". കരയുന്ന അദ്ധ്യാപകന്റെ മുമ്പിൽ കുട്ടിയും ക്ലാസ്സുമുഴു വനും കരഞ്ഞുപോയി.

വർഷങ്ങൾക്കുശേഷം ഒരു ബൈബിൾ കൺവൻഷൻ നടക്കുകയായിരുന്നു. ഒരു പ്രസം ഗകൻ അവതരിപ്പിച്ച വിഷയം 'വിനയവും വിശ്വാസവും' എന്നതായിരുന്നു. വർഷ ങ്ങൾക്കു മുമ്പുനടന്ന സംഭവമായ കൈപ്പത്തി യില്ലാത്ത കുട്ടിയുടെ കഥ പ്രസംഗത്തിലുണ്ടാ യിരുന്നു. വിശ്വാസികൾ വിനയമുള്ളവരായിരി ക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് ആ പ്രസംഗം അവസാനിക്കുന്ന സമയം സദസ്സിൽ നിന്നും ഒരു മധ്യവയസ്കൻ എഴുന്നേറ്റ് സ്റ്റേജി ലേക്ക് വന്നിട്ട്, വിളിച്ചു പറഞ്ഞു. 'സ്നേഹിതരേ, വിശ്വാസികളേ നമ്മുടെ പ്രസംഗകൻ പറഞ്ഞ സംഭവത്തിലെ കുട്ടി ഞാനായിരുന്നു. ഇതാ എന്റെ വലതുകൈ. ഞാൻ ഒരു നിരീശ്വരവാദി യുടെ മകനായിരുന്നു. കുട്ടിക്കാലത്ത് എനിക്കും ദൈവവിശ്വാസം ഉണ്ടായിരുന്നില്ല. എന്നാൽ എന്റെ അദ്ധ്യാപകൻ കരഞ്ഞതും മാപ്പുചോദി ച്ചതുമായ സംഭവങ്ങൾ എന്നെ ഒരു വിശ്വാസി യാക്കി മാറ്റി. എന്റെ അദ്ധ്യാപകന്റെ എളിമ യിൽകൂടി ഞാൻ ദൈവത്തെ കണ്ടു. വിശ്വാ സികൾ വിനയമുള്ളവരായിരിക്കും എന്നു മാത്ര മല്ല വിനയമുള്ളവർ വിശ്വാസികളെ ജനിപ്പിക്കു കകൂടി ചെയ്യും.

സ്നാപകയോഹന്നാന്റെ എളിമയിൽ കൂടി ശിഷ്യർ ഈശോയെ കണ്ടു. സ്നാപകന്റെ വിനയം ശിഷ്യരെ ഈശോയുടെ പക്കലേക്ക് എത്തിച്ചു. സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവനി ല്ലെന്ന് ഈശോതന്നെ പറഞ്ഞിട്ടുണ്ട്. എന്നിട്ടും ഈശോയ്ക്ക് വഴിയൊരുക്കാൻ വന്നവനാണ് താൻ എന്നുള്ള ചിന്ത വെടിയാതെ, പിന്നാലെ വരുന്നവൻ തന്നെക്കാൾ വലിയവനാണെന്ന സന്ദേശം ശിഷ്യർക്ക് നൽകാൻ സ്നാപകന് കഴിഞ്ഞു.

കാഴ്ചപ്പാടിന്റെ ചക്രവാളം എത്ര ചെറു താകുന്നുവോ അത്രയ്ക്കും എളുപ്പത്തിൽ അഹ ങ്കാരം വന്നുകയറും. എളിമയുള്ളവർക്കാണ് കൃപ ലഭിക്കുക. അങ്ങനെയുള്ളവരെ ദൈവം തന്റെ ഉപകരണങ്ങളാക്കും. തോറ്റുകൊടുക്കാൻ തയ്യാറല്ലാത്ത ലോകത്താണ് നമ്മൾ ജീവിക്കു ന്നത്. നേഴ്സറി ക്ലാസ്സു മുതൽ മത്സരമാണ്.

ഈശോയുടെ വലിപ്പം തിരിച്ചറിയുന്നി ടത്താണ് യോഹന്നാന്റെ ദൗത്യം അർത്ഥ പൂർണ്ണമാകുന്നത്. കൂടെയുള്ളവരിലെ മുന്തിയ നന്മയും വലിപ്പവും തിരിച്ചറിയാൻ നമുക്ക് സാധിക്കണം. ചില ചെറിയ കാര്യങ്ങളിലെ ങ്കിലും നിന്നെക്കാൾ മുന്തിയവർ തന്നെയായി രിക്കും നിനക്കു ചുറ്റുമുള്ളവർ. ആ നന്മ തിരി ച്ചറിഞ്ഞ് ചൂണ്ടിക്കാണിക്കുമ്പോഴാണ് അവൻ/ അവൾ ദൈവപുത്രത്വത്തിലേക്ക് വളരുന്നത്. നമുക്ക് വിനയമുള്ളവരാകാം, വിശ്വാസികൾ വിനയമുള്ളവരായിരിക്കും എന്നുമാത്രമല്ല വിന യമുള്ളവർ വിശ്വാസികളെ ജനിപ്പിക്കുകകൂടി ചെയ്യും.

# സെനക്കിൾ തരംഗം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ധ്യാനിക്കുന്ന ശ്ലീഹാക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഈലോകജീവിതത്തിനും മരണോത്ഥാനങ്ങൾക്കും ശേഷം തന്റെ ശ്ലീഹന്മാരെ അനാഥത്വത്തിലേക്ക് ഉപേക്ഷിച്ചിട്ടല്ല ഈശോ സ്വർഗ്ഗാരോപിതനായത്. എന്നേയ്ക്കും കൂടെ വസിക്കുന്ന സഹായകനായ പരിശുദ്ധാത്മാവിനെ അവിടുന്ന് അവർക്കു നല്കി. പരിശുദ്ധാത്മാവിനെ സ്വീകരിച്ചു ശക്തിപ്രാപിച്ച ശ്ലീഹന്മാർ എല്ലാ പ്രതിസന്ധികളെയും സഹനങ്ങളെയും അതിജീവിച്ച് തങ്ങൾ അനുഭവിച്ചറിഞ്ഞ മിശിഹായ്ക്ക് സാക്ഷികളായി; മിശിഹായുടെ സുവിശേഷപ്രഘോഷകരായി. തങ്ങളുടെ ജീവൻപോലും തൃണവൽക്കരിച്ചുകൊണ്ടാണ് അവർ തങ്ങളുടെ സുവിശേഷപ്രഘോഷണദൗത്യം നിർവഹിച്ചത്.

സഭയിലെ പുരോഹിതശുശ്രൂഷ ശ്ലൈഹികശുശ്രൂഷയാണ്. ശ്ലൈഹിക കൈവയ്പിലൂടെയാണല്ലോ സഭയിൽ പൗരോഹിത്യപദവികൾ നല്കപ്പെടുന്നത്. അതുപോലെതന്നെ ശ്ലീഹന്മാർക്കടുത്ത സുവിശേഷകേന്ദ്രീകൃതശുശ്രൂഷയാണ് സഭയിൽ പുരോഹിതന്റെ ശുശ്രൂഷയും. സുവിശേഷം സ്വീകരിച്ചും ജീവിച്ചും ആഘോഷിച്ചും സുവിശേഷകേന്ദ്രീകൃതമായി ജീവിതം നയിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരുടെ സമൂഹമാണ് സഭ. അപ്രകാരം സഭയിൽ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുവാൻ (റോമാ 15,16) വിളിക്കപ്പെട്ടവരെന്ന നിലയിൽ നാമോരോരുത്തരും അനുദിനം അരൂപിയാകുന്ന ശക്തി ധരിക്കണം. സഭയിലെ നമ്മുടെ ബലിയർപ്പണവും കൂദാശാപരികർമ്മങ്ങളും വചനശുശ്രൂഷയും പ്രാർത്ഥനാശുശ്രൂഷകളും ഉറച്ച വിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടുംകൂടെ ചെയ്തുകൊണ്ടാണ് ഈ ശക്തി നാം ധരിക്കേണ്ടത്. അങ്ങനെ ശക്തി ധരിച്ച് ശുശ്രൂഷ ചെയ്യുവാൻ നിത്യപുരോഹിതനായ ഈശോ നാമേവരെയും അനുഗ്രഹിക്കട്ടെ.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിലേഴ്സിൽ ഒരാളായ മാൾട്ടായിൽനിന്നുള്ള ഡോൺ തർസീസിയോ കമില്ലേരി തന്റെ മാതൃരൂപതയായ ഗോസോ രൂപതയുടെ വികാരി ജനറാളായി നിയമിതനായി. വർഷങ്ങളായി പ്രതിബദ്ധതയോടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗമായി പ്രവർത്തിക്കുന്ന അദ്ദേഹത്തിന്റെ ഈ നിയമനം അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള ഒരു അംഗീകാരമാണ്. തങ്ങൾ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്ന രൂപതകളിൽ പ്രതിബദ്ധതയോടുകൂടി ശുശ്രൂഷ ചെയ്യുവാൻ ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗത്വവും പ്രവർത്തനവും അംഗങ്ങളെ സഹായിക്കുന്നു എന്നതിന്റെ ഒരു അംഗീകാരമായി ഇതിനെ കരുതാം. പെരിയ ബഹുമാനപ്പെട്ട തർസീസിയോ അച്ചന് ഇൻസ്റ്റിറ്റ്യൂട്ടിലെ എല്ലാ അംഗങ്ങളുടെയും അനുമോദനങ്ങളും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# കണ്ണുനീർ

**റെസ്സി കറുകപ്പറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

കണ്ണീർ മഴയിൽ ഒലിച്ച് എവിടെയൊക്കെയോ ചെന്നുപതിച്ച എത്രയെത്ര ജീവിതങ്ങൾ നമ്മുടെ കൺമുമ്പിലൂടെ കടന്നുപൊയ്ക്കഴിഞ്ഞിരിക്കുന്നു. വഴിപിരിയുന്ന ഭാര്യാഭർത്താക്കന്മാർ അനാഥത്വം പേറുന്ന കുഞ്ഞുങ്ങൾ, ലഹരിയിൽ ആഴുന്ന യുവതലമുറ, പ്രണയകുരുക്കിൽ ജീവിതം തകർത്തവർ.... ഇങ്ങനെ നീളുന്ന ഒരായിരം അനുഭവസാക്ഷ്യങ്ങൾ.... ഇവരെല്ലാം കണ്ണീർക്കയങ്ങളിൽ താഴുന്നവർ തന്നെ. ഈ ലോകത്തിലായിരിക്കുവോളം ഈ കണ്ണുനീർ ഇനി ഉണ്ടാവില്ല എന്നോർത്ത് ജീവിക്കുവാനാകുമോ? ഇല്ല. കടലിലെ ഓളങ്ങൾ പോലെ ചിലപ്പോൾ ആർത്തലച്ചും, ചിലപ്പോൾ ശാന്തതയിലും നമ്മുടെയെല്ലാം ജീവിതത്തിന്റെ ഭാഗമാണ് കണ്ണുനീർ എന്ന് മനസ്സിലാക്കുന്നവനേ ജീവിതത്തിന്റെ അർത്ഥം കാണാനാവൂ.

ചില കരച്ചിലുകൾ ചിലരുടെയെങ്കിലും ജീവിതത്തെ ഇരുട്ടറയിലേക്ക് എത്തിച്ചിട്ടുണ്ട്. മത്താ 27,4 ൽ യൂദാസ് വിലപിക്കുന്നു. "നിഷ്കളങ്ക രക്തത്തെ ഒറ്റിക്കൊടുത്ത് ഞാൻ പാപം ചെയ്തിരിക്കുന്നു" ഇത് പറഞ്ഞ് നിരാശപ്പെട്ട് അവൻ ആത്മഹത്യ ചെയ്തു. എത്രയോ വ്യക്തികളാണ് ഇന്നും തെറ്റിൽ വീണുപോയിട്ട് മോചനമില്ല എന്ന് ചിന്തിച്ച് ആത്മഹത്യയിലേക്ക് വഴുതി വീണിരിക്കുന്നത്. പങ്കാളിയോട്

വിശ്വസ്തത പുലർത്താതെ ജീവിച്ചിട്ട്, ഇനി 'ദൈവം പോലും എന്നോട് ക്ഷമിക്കില്ല' എന്ന ചിന്തയാൽ കുറ്റബോധത്തിനടിമപ്പെട്ട് മനോരോഗികളായി മാറിയിരിക്കുന്നവർ നിരവധിയാണ്.

കരഞ്ഞുതീർക്കാനും നിരാശപ്പെട്ട് ജീവിതം തീർക്കാനുമല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത്. ജീവിതത്തിൽ ഒരിക്കലെങ്കിലും കരയാത്തവർ ഉണ്ടാകില്ല. എന്റെ ക്ലാസ്സ്മുറിയിൽ ഇങ്ങനെ ഒരുപാട് കരച്ചിലുകൾക്ക് സാക്ഷ്യം വഹിക്കേണ്ടിവന്നിട്ടുണ്ട്. അതിൽ ഒരു സംഭവമിതാണ്: സ്കൂളിൽ മിക്കവാറും വരാതിരിക്കുന്ന സ്വപ്നയെ അരികിൽ വിളിച്ച് ഞാൻ ചോദിച്ചു. 'നീയെന്താ കുഞ്ഞേ, ക്ലാസ്സിൽ ഇടയ്ക്കിടയ്ക്ക് മാത്രമായി വരുന്നത്?' ചോദിച്ചു തീർന്നതും ഉത്തരം ഒരു പൊട്ടിക്കരച്ചിലിൽ അവസാനിച്ചു. ശാന്തമായി അവളെ ചേർത്ത് പിടിച്ച് കാര്യങ്ങൾ ചോദിച്ചപ്പോൾ എന്റെ ഉള്ളും നീറി. നിരന്തരം കലഹിക്കുന്ന മാതാപിതാക്കൾ.... അച്ഛനെ സംശയിക്കുന്ന അമ്മ. അതിന്റെ പേരിൽ വാക്കിൽ തുടങ്ങുന്ന കലഹം അടിപിടിയിൽ അവസാനിക്കുന്നതു പതിവു സംഭവം. ഇതിനിടയിൽ നില്ക്കുന്ന ഈ മകളെയും ചേർത്ത് അമ്മ പലതും പറയുന്നു.... തീർച്ചയായും അവൾക്ക് ക്ലാസ്സിൽ സന്തോഷത്തോടെ ഇരിക്കുവാനും പഠിക്കുവാനുമൊന്നും സാധിക്കില്ല. ഇവളുടെ അമ്മയോടു സംസാരിച്ച് ഇപ്പോൾ കുറെയേറെ സമാധാനത്തിലേക്ക് ആ കുടുംബം കടന്നുവന്നുകഴിഞ്ഞു.

കണ്ണീരിൽ കുതിർന്ന പലരുടെയും ജീവിതത്തിന്റെ പിന്നാമ്പുറത്തേക്കു കടക്കുമ്പോൾ കണ്ടെത്തുന്ന സത്യമിതാണ്. 'എന്നെ സ്നേഹിക്കാൻ ആരുമില്ല' എന്ന ചിന്ത. ഇതാണ് പലരെയും സ്നേഹം തേടിയുള്ള പരക്കംപാച്ചിലിൽ എത്തിക്കുന്നതും, അങ്ങനെ തിന്മയുടെ കൂട്ടുകെട്ടിലും അശുദ്ധിയാർന്ന പ്രവർത്തനങ്ങളിലും കൊണ്ടുചെന്നെത്തിക്കുന്നതും.

ചില വ്യക്തികളുടെ ജീവിതഗതിയെ തിരിച്ചുവിട്ടതും മാറ്റിമറിച്ചതും ഒന്നുമല്ലാത്ത അവസ്ഥകളിൽ നിന്ന് ഉയർത്തിയതും ചില കണ്ണുനീർ പ്രവാഹങ്ങളാണ്. അതുകൊണ്ടാണല്ലോ 'റൂമി' എഴുതിയത്

> "വേദനയൊരു നിധിയാണ്
> അതിനുള്ളിൽ കാരുണ്യം വസിക്കുന്നു.
> ചീന്തിക്കളയുന്ന തോടിനുള്ളിൽ
> അല്ലിക്കെന്തു മധുരം".

മുറിവേൽക്കാതെ ജീവിക്കാനാണ് നാമൊക്കെ തത്രപ്പെടുന്നത്. എന്നാൽ ഈശോ പഠിപ്പിച്ച പാഠം മുറിയപ്പെടാനുള്ളതാണ്. അത് കണ്ണുനീരിന്റെ വഴിയാണ്, ദുഃഖത്തിന്റെ വഴിയാണ്. സഹനത്തിന്റെ വഴിയാണ്... അതിലൂടെയാണ് മഹത്ത്വത്തിലേക്ക് നടന്നടുക്കേണ്ടത്. ജായ്റോസിന്റെ മകളെ സുഖപ്പെടുത്താനായി ഈശോ ആ ഭവനത്തിലേക്ക് കയറിച്ചെല്ലുമ്പോൾ അവിടം ഒരു മരണവീടായിരുന്നു. വചനത്തിൽ പറയുന്നു "എല്ലാവരും കരയുകയും അവളെക്കുറിച്ച് വിലപിക്കുകയും ചെയ്തുകൊണ്ടിരുന്നു"(ലൂക്കാ 8,52). എന്നാൽ വചനത്തിൽ നാം വീണ്ടും വായിക്കുന്നു "അവൻ പറഞ്ഞു: കരയേണ്ട അവൾ മരിച്ചിട്ടില്ല ഉറങ്ങുകയാണ്". ആ ബാലികയെ അവിടുന്ന് എഴുന്നേല്പിച്ചു.

ഓർക്കുക, നമ്മുടെ എത്രയോ ഉറക്കങ്ങളെയാണ് അവൻ പേരുവിളിച്ച് തട്ടിയുണർത്തിയത്.... മരണവക്ത്രത്തിൽ നിന്ന് അനേകരെ അവൻ തിരിച്ചുകൊണ്ടുവന്നു.

ഈ സ്നേഹത്തിന്റെ മുമ്പിലായിരിക്കുമ്പോൾ ആരുടെ മിഴികളാണ് നിറഞ്ഞൊഴുകാത്തത്. അർഹതയില്ലാത്തത് വച്ചുനീട്ടുമ്പോൾ, നമ്മുടെ കുറവുകളെ അവൻ നിറവുകളാക്കുമ്പോൾ നമ്മൾ ആരായാലും കരഞ്ഞുപോകും... ഇത്തരം കരച്ചിലുകൾ അവന് സ്വീകാര്യമാണ്. ഈശോയുടെ 'ഒരു നോട്ടം' പത്രോസിനെ കരയിച്ചു. ആ കരച്ചിൽ ഈശോയെ പിരിയാതെ അനുഗമിക്കുവാൻ, അവനുവേണ്ടി ക്രൂശിക്കപ്പെടുവാൻ പത്രോസിനെ ഒരുക്കി.... സഭയുടെ തലവനായി പത്രോസ് തീർന്നു.

''ഞാനും നിന്നെ വിധിക്കുന്നില്ല, മേലിൽ പാപം ചെയ്യരുത്" എന്ന ഈശോയുടെ വാക്കുകൾ പാപിനിയായ സ്ത്രീയെ കരയിച്ചിട്ടുണ്ടാകും... അവൾ പിന്നീട് ഒരിക്കലും പാപവഴിയിൽ നടന്നിട്ടുണ്ടാകില്ല.

ചില വ്യക്തികൾ കണ്ണുനീരിനെ, സങ്കടങ്ങളെ മറികടക്കുവാൻ ദൈവത്തിനുപകരം ചില സൗഹൃദങ്ങളെയും സ്വന്തം കഴിവുകളെയും ആശ്രയിക്കും. അവർ കദനം മറന്ന് ചിരിച്ചാലും ആ ചിരി നീണ്ടുനില്ക്കില്ല. ക്ഷമിക്കുവാനും മറക്കുവാനും കഴിയാതെ, സ്വന്തം ദുഃഖങ്ങളുടെ കൂടാരത്തിനുള്ളിൽ അസ്വസ്ഥരായി വീണ്ടും മാറും. അതിനാൽ നമ്മുടെ കണ്ണുനീരും വേദനകളും കർത്താവിങ്കലേക്ക് നമ്മെ ഉയർത്താൻ, ജീവനും ഓജസും തരാൻ കഴിവുള്ളവനിലേക്ക് ഉയർത്തണം. ഹെബ്രാ 5:7 ൽ പറയുന്നു "തന്റെ ഐഹിക ജീവിതകാലത്ത് മിശിഹാ മരണത്തിൽ നിന്നും തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടുംകൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു". നോക്കുക, ദൈവപുത്രനായിരുന്നിട്ടും അവിടുന്ന് തന്റെ സങ്കടങ്ങൾ ദൈവപിതാവിലേക്ക് ഉയർത്താൻ മടിച്ചിട്ടില്ല.

നമ്മുടെ സങ്കടങ്ങളെ പരിഹരിക്കുന്നവനും ദുഃഖങ്ങളിൽ ആശ്വാസം ഏകുന്നവനുമായ കർത്താവിൽ നമുക്ക് ആശ്രയിക്കാം. നമ്മുടെ കണ്ണുനീർകണങ്ങളൊന്നും പാഴാകാതിരിക്കട്ടെ. അവിടുത്തെ സാന്ത്വനം അനുഭവിക്കുംവരെ നമ്മുടെ കണ്ണുനീർ അവിടുത്തെ സന്നിധിയിലേക്ക് പ്രവഹിക്കട്ടെ.


"അവിടുന്ന് അവരുടെ മിഴികളിൽ നിന്ന് കണ്ണുനീർ തുടച്ചുനീക്കും. ഇനി മരണമുണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ, മുറവിളിയോ, വേദനയോ ഉണ്ടാകുകയില്ല. പഴയതെല്ലാം കടന്നുപോയി" (വെളിപാട് 21,4).

**കവിത**

# ഏഴല്ല, ഏഴ് എഴുപതു വട്ടം



**മരിയ ജാസ്പർ**
കുന്നുംപുറത്ത്



നിൻ ആർദ്രമാം നെഞ്ചിൽ
എൻ നോവുകൾ മെല്ലെ
ഇറക്കിവച്ചീടവേ കണ്ടു ഞാൻ,
കൂർത്തൊരായിരം കണ്ണുകൾ
ഏകാന്തമാമീ വഴിത്താരയിലൂടെ
ഞാൻ നീങ്ങവേ,
അപരിചിതമായ് ഹൃദയത്തിൻ
ഭാഷ-എനിക്കും നിനക്കും
കുണ്ടും കുഴിയും കുറിക്കുന്ന
വാക്കുകൾ വേദനയിറ്റുന്നവ
പകയും പൊരുളറിയാ ദുഃഖവും
കയ്പിൻ കാടിലൊളിക്കുമ്പോൾ
മാറുന്നു ഞാൻ ഭീരുവായി...
ഞെട്ടിത്തിരിഞ്ഞു ഞാൻ
നോക്കീടവേ, നിൻ
മിഴികളിലേതോ പ്രകാശ
ദീപ്തി മൊഴിയുന്നു
"ഏഴല്ല, ഏഴ് എഴുപതു വട്ടം"




**സമർപ്പിതവർഷം**
**2014 നവംബർ 29–**
**2016 ഫെബ്രുവരി 2**

# നിങ്ങൾ സന്തോഷിക്കുവിൻ

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**പ**രിശുദ്ധാത്മാവു തരുന്ന സന്തോഷത്തിൽ നിറഞ്ഞ് ഈശോയുടെ നാമം പ്രഘോഷിക്കാനും ലോകത്തെ ഉണർത്താനുമായി പ്രഖ്യാപിക്കപ്പെട്ട ഈ സമർപ്പിതവർഷത്തിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പാ ആവർത്തിച്ചാവർത്തിച്ച് സമർപ്പിതർക്ക് നൽകിയ വിശുദ്ധ ആഹ്വാനമാണ് നിങ്ങൾ സന്തോഷിക്കുവിൻ. സമർപ്പണത്തിന്റെ ഈ സന്തോഷം സ്വയം പ്രവർത്തിക്കുന്ന ഒന്നല്ല. ഈ സന്തോഷം സഹനങ്ങളില്ലാത്ത അവസ്ഥയോ, ദുഃഖങ്ങളില്ലാത്ത സാഹചര്യമോ അല്ല. മറിച്ച് ദൈവത്താൽ നാം സ്നേഹിക്കപ്പെട്ടിരിക്കുന്നു എന്ന ഉറപ്പിൽ നിന്ന്, രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന ആത്മധൈര്യത്തിൽനിന്ന് ഉയരുന്ന സന്തോഷത്തിനാണ് നാം സാക്ഷ്യംവഹിക്കേണ്ടത്. പാപ്പാ വീണ്ടും പറയുന്നു: ''ദുഃഖത്തിൽ വിശുദ്ധിയില്ല''. വി. പൗലോസ് എഴുതി: ''പ്രത്യാശയില്ലാത്തവരെപ്പോലെ നിങ്ങൾ വിലപിക്കരുത്'' (1 തെസ 4:13).

പരി. പിതാവിന്റെ അഭിപ്രായത്തിൽ സമർപ്പണജീവിതത്തിന് സൗന്ദര്യം പകരുന്ന ഏക ഉപാധി സന്തോഷമാണ്. ഇത് ദൈവത്തിൽ നിന്നുള്ള ആശ്വാസം ഹൃദയത്തിൽ സ്വീകരിച്ച് അത് മറ്റുള്ളവർക്ക് പകരുമ്പോഴാണ് നമുക്കു ലഭിക്കുക (2 കോറി 1:3–7). പ്രശാന്തതയും സന്തോഷവും ദൈവത്തിന്റെ വാത്സല്യവും മറ്റുള്ളവർക്കു പകരാൻ നമുക്കു സാധിക്കണം. കർത്താവിന്റെ വാത്സല്യത്തെ ഭയപ്പെടരുത്. അവിടുന്ന് ആശ്വാസത്തിന്റെ ദൈവമാണ്.

വിളിക്കു പ്രത്യുത്തരം നൽകാൻ സഹായിക്കുന്നതും ഈ സന്തോഷമാണ്. ദൈവത്തിന് എന്നെക്കൊണ്ട് ആവശ്യമുണ്ട് എന്ന ബോദ്ധ്യത്തിൽനിന്നാണ് അത് മുളയെടുക്കുക. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ 18,16). വിളിയുടെ പിറകിൽ കർത്താവിന്റെ തീരുമാനമാണെന്ന ചിന്ത നമ്മിൽ നിത്യഹരിത ശോഭയുള്ള ഒരു ഓർമ്മയായി നിലകൊള്ളണം.

ജീവിതത്തിൽ അടിസ്ഥാനപരമായ പരിവർത്തനം നടത്താൻ നമ്മെ സഹായിക്കുന്നതും ഈ സന്തോഷം തന്നെ. ഈശോയുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടൽ സ്വയം നവീകരണത്തിന്റെ മേഖലയിലേക്കാണ് നമ്മെ ക്ഷണിക്കുക. അവിടുത്തോടുകൂടി ആയിരിക്കുവാനായി നമ്മുടെ ജീവിതത്തെയും തിരഞ്ഞെടുപ്പുകളെയും മാറ്റത്തിന്റെ വഴിയിൽ വയ്ക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. അവിടുത്തെ സ്നേഹത്തിന്റെ മുദ്ര നമ്മുടെ ജീവിതങ്ങളിൽ ഉണ്ടായിരിക്കണം. അവിടുത്തെ ചിന്തകളും മനോഭാവങ്ങളും സ്വീകരിക്കുവാനായി നമ്മുടെ നെറ്റിയിലും അവിടുത്തെ സ്നേഹത്താൽ നിറയപ്പെടുവാനായി നമ്മുടെ ഹൃദയത്തിലും അവിടുത്തേക്കായി പ്രവർത്തിക്കുവാനായി നമ്മുടെ കൈപ്പത്തിയിലും ഈ സ്നേഹത്തിന്റെ മുദ്ര വിളങ്ങി പ്രശോഭിക്കട്ടെ.

ഈ സന്തോഷം ഈശോയിൽ നമ്മെ വളർത്തുന്നു. അതോടൊപ്പം സഹോദര സ്നേഹത്തിലും.

വിശുദ്ധരോടൊപ്പം



# വാഴ്ത്തപ്പെട്ട മേരി ഓഫ് ജീസസ് വിശുദ്ധപദവിയിലേക്ക്

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"സിസ്റ്ററേ ഇതു കണ്ടോ, സൺഡേ ശാലോമിലെ ഒരു വാർത്ത... വാഴ്ത്തപ്പെട്ട മേരി ഓഫ് ജീസസ് വിശുദ്ധപദവിയിലേക്ക്."

"വിശുദ്ധരുടെ ജീവചരിത്രം എഴുതുന്നതുകൊണ്ടാവാം കൊച്ചുറിമ്യാ 2015 മാർച്ച് 22 ലെ സൺഡേ ശാലോമുമായി എന്റെ അടുക്കൽ ഓടിയെത്തിയത്.

"വായിച്ചേ മോളേ" അരികിൽ ചേർത്തുനിർത്തിയപ്പോൾ റിമ്യാമോൾ ആവേശത്തോടെ വായിക്കാൻ തുടങ്ങി.

"ഇന്ത്യയിലെ ആദ്യത്തെ കാർമ്മലൈറ്റ് ആവൃതി മഠത്തിന്റെ സഹസ്ഥാപകയായിരുന്ന വാഴ്ത്തപ്പെട്ട മേരി ഓഫ് ജീസസിനെ ഫ്രാൻസിസ് മാർപാപ്പാ മെയ് 17 ന് വിശുദ്ധയായി പ്രഖ്യാപിക്കും. 142 വർഷം പഴക്കമുള്ള സേക്രഡ് ഹാർട്ട് ഓഫ് ജീസസ് മൊണാസ്ട്രിയിൽ അന്ന് പ്രത്യേക പ്രാർത്ഥനകളും ചടങ്ങുകളും നടക്കും. ഇന്ത്യയുടെ മണ്ണിൽ ആദ്യമെത്തിയ കാർമ്മലൈറ്റ് സന്ന്യാസിനിയാണ് വാഴ്ത്തപ്പെട്ട മേരി ഓഫ് ജീസസ്. തെരേസിയൻ കർമ്മല ആവൃതിക്ക് ഇന്ത്യയിൽ തുടക്കമിടുന്നത് അങ്ങനെയാണ്. 1870 നവംബർ 19 നാണ് ഈ




വിശുദ്ധ ഇന്ത്യയിലെത്തുന്നത്. 1878 ൽ അവർ സ്വദേശത്തേക്കു മടങ്ങി. പലസ്തീനായിലെ ബില്ല്യനിലാണ് മേരി ജനിച്ചത്. കാൻസർ ബാധിതയായി 1878 ഓഗസ്റ്റ് 26 ന് 33–ാം വയസ്സിൽ ബേത്‌ലഹേമിൽ വച്ചാണ് മരണം. 1983 നവംബർ 13 ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. ഇന്ത്യയിൽ നിലവിൽ 33 കാർമ്മലൈറ്റ് ആവൃതിമഠങ്ങളുണ്ട്".

റിമ്യാമോൾ വായന നിർത്തിയപ്പോൾ ചോദിച്ചു: "മോളേ, മഠത്തിൽ പോകണമെന്ന് ആഗ്രഹം തോന്നുന്നുണ്ടല്ലേ...?"

"അയ്യേ... എനിക്കിഷ്ടമില്ല" പെട്ടെന്നായിരുന്നു മറുപടി.

"അതെന്താ മോളേ അയ്യേ വയ്ക്കാൻ...?"

"അതേ, സിസ്റ്ററേ... സിസ്റ്ററാകാൻ പോയാൽ ഒരുങ്ങി നടക്കാൻ പറ്റുമോ? എന്തെല്ലാം ഉപേക്ഷിക്കണം... എനിക്കു മോഡലിംഗിനു പോകാനാ ഇഷ്ടം."

2014 ൽ മോഡലിംഗ് രംഗത്ത് സൂര്യകിരണംപോലെ പ്രശോഭിച്ച ഹോളിവുഡ് നടി, സ്പെയിനിലെ ഓലല്ല ഒലിവെരസ്, ദൈവവിളി സ്വീകരിച്ച് സന്ന്യാസിനിയായ വിവരം ചിത്രസഹിതം കൊടുത്തിരിക്കുന്ന പത്രവാർത്ത ചൂണ്ടിക്കാണിച്ച് വിശദീകരിച്ചിട്ടും റിമ്യാമോളുടെ മനസ്സുമാറിയില്ല.

സമർപ്പിതവർഷമാണിത്...

സമർപ്പിതർക്കു നേരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും അനുസ്യൂതമായി നടക്കുന്നു...

സമർപ്പിതദൈവവിളികളുടെ എണ്ണം ഗണ്യമായി കുറയുന്നു...

ഈശോയ്ക്കുവേണ്ടി ജീവിക്കാൻ...

സമർപ്പിതയാകാൻ...

ലോകത്തിൽ ലോകത്തിന്റേതല്ലാതെ ജീവിക്കുവാൻ...

ഈ ലോകത്തിനുവേണ്ടി പ്രാർത്ഥിക്കാൻ...

ലോകത്തെ ഉപേക്ഷിക്കാൻ ആരുമില്ലേ....?

'ജീസസിന്റെ മേരി'മാരാകാൻ ചങ്കൂറ്റമുള്ളവരില്ലേ...

ഒരു കത്തോലിക്കന്റെ പരിഹാസച്ചുവയുള്ള കമന്റ്... "വംശനാശഭീഷണി നേരിടുന്ന ജന്തുവർഗമാ കന്യാസ്ത്രീകൾ."

ഒന്നു ചോദിച്ചോട്ടെ...

ആവാസവ്യവസ്ഥയിൽ ഏതെങ്കിലും ഒരു ജീവി നശിച്ചുപോയാൽ ആവാസവ്യവസ്ഥയുടെ സന്തുലനാവസ്ഥ തകിടം മറിയില്ലേ...?

സമർപ്പിതർ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുമ്പോൾ...


സമർപ്പിതവർഷം ആഘോഷിക്കുമ്പോൾ...

നമ്മുടെ കുടുംബങ്ങളിൽ ദൈവവിളിയുടെ വിത്തുകൾ സന്തോഷത്തോടെ വിതച്ചിരുന്നെങ്കിൽ...

ദൈവവിളിയോടുള്ള 'അയ്യേ' മാറി 'ഹായ്' ആയിരുന്നെങ്കിൽ...

ഇല്ലെങ്കിൽ...

ഇല്ലെങ്കിൽ...?...?...?

## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**

**ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**സീന ചക്കാലമുറ്റം**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*ഒന്നാം ദിവ്യരഹസ്യം:* **ജന്മപാപം കൂടാതെ ജനിക്കുകയും പരിശുദ്ധയായി ജീവിക്കുകയും ചെയ്ത പരി. കന്യകാമറിയത്തെ നമുക്ക് ധ്യാനിക്കാം**

ഈശോയുടെ രക്തംകൊണ്ട് നേടിയെടുത്ത ആത്മാവിനെ നാം പാപപങ്കിലമാക്കുമ്പോൾ പരി. മറിയത്തിന്റെ ഹൃദയം വ്യാകുലത്തിന്റെ വാളുകൊണ്ട് പിളരുന്നു. അമ്മേ മാതാവേ, അവിടുത്തെ പരിശുദ്ധ അമലോത്ഭവം വഴി ഞങ്ങളെ സകല പാപങ്ങളിൽ നിന്നും അകറ്റിനിർത്തി നിർമ്മലമായ ഒരു മനസാക്ഷിയുടെ ഉടമകളായി മാറുവാൻ വേണ്ട കൃപ ഈശോയിൽ നിന്ന് ഞങ്ങൾക്ക് വാങ്ങിത്തരണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*രണ്ടാം ദിവ്യരഹസ്യം:* **പൂർണ്ണ ഹൃദയത്തോടെ ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിച്ച പരി. കന്യകാമറിയത്തെ നമുക്ക് ധ്യാനിക്കാം**

ദൈവസ്നേഹത്തിന്റെ ഊഷ്മാവളക്കുന്ന തെർമ്മോമീറ്റർ സഹോദരങ്ങളോടുള്ള സ്നേഹമാണെന്ന് ഞങ്ങളെ പഠിപ്പിച്ച അമ്മേ, ദൈവത്തെയും ദൈവം സ്നേഹിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരങ്ങളെയും പൂർണ്ണമനസ്സോടും പൂർണ്ണഹൃദയത്തോടും സർവ്വശക്തിയോടുംകൂടി സ്നേഹിക്കുവാനുള്ള കൃപ ഈശോയിൽ നിന്ന് ഞങ്ങൾക്ക് വാങ്ങിത്തരണമേ 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*മൂന്നാം ദിവ്യരഹസ്യം:* **പരി. അമ്മയുടെ എളിമയും ശാന്തതയും നിറഞ്ഞ ജീവിതം നമുക്കു ധ്യാനിക്കാം**

'ഞാൻ പ്രശംസ ആഗ്രഹിച്ചിരുന്നില്ല, പ്രത്യുത സ്രഷ്ടാവ് സ്തുതിക്കപ്പെടണമെന്നേ ഞാൻ ആഗ്രഹിച്ചിരുന്നുള്ളു' എന്ന് വി. ബ്രിജീത്തായ്ക്ക് വെളിപ്പെടുത്തിയ പരി. കന്യകാമറിയമേ, ഞങ്ങളുടെ ജീവിതതലങ്ങളിൽ യാതൊരു പ്രശംസയും ആഗ്രഹിക്കാതെ എന്റെ സ്രഷ്ടാവ് സ്തുതിക്കപ്പെടണം എന്ന മനോഭാവത്തോടെ ജീവിതാനുഭവങ്ങളെ എളിമയോടെ, ശാന്തതയോടെ നേരിടുവാൻ വേണ്ട കൃപ ഈശോയിൽ നിന്ന് ഞങ്ങൾക്ക് വാങ്ങിത്തരണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*നാലാം ദിവ്യരഹസ്യം:* **ദൈവതിരുമനസ്സ് പൂർണ്ണതയിൽ നിറവേറ്റിയ വിശുദ്ധിയുടെ നിറകുടമായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം**

അമ്മേ മാതാവേ, തിരുസ്സഭയിലെ എല്ലാ മക്കളും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണ് എന്നു മനസ്സിലാക്കി, വിശുദ്ധിയുടെ, സ്നേഹത്തിന്റെ ആദ്യപടിയിൽ നിന്നുപോകാതെ കൂടുതൽ ഉയരങ്ങളിലേക്ക് ചവുട്ടിക്കയറി വിശുദ്ധരാകുവാൻവേണ്ട കൃപ ഈശോയിൽ നിന്ന് ഞങ്ങൾക്ക് വാങ്ങിത്തരണമേ. 1സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*അഞ്ചാം ദിവ്യരഹസ്യം:* **സമ്പൂർണ്ണതയിൽ തന്നെത്തന്നെ ദൈവപിതാവിനു സമർപ്പിച്ച പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.**

സമർപ്പണജീവിതത്തിന്റെ ഏറ്റവും മനോഹരമായ സാക്ഷ്യം സന്തോഷമാണെന്ന സത്യം ഞങ്ങളെ പഠിപ്പിച്ച പരി. അമ്മേ, സമർപ്പണവർഷം ആചരിക്കുന്ന ഈ വർഷം എല്ലാ സമർപ്പിതരും സമർപ്പണജീവിതത്തിന്റെ ആന്തരിക സന്തോഷം പ്രസരിപ്പിച്ച് ലോകത്തിൽ ജീവിക്കുന്ന സാക്ഷികളാകുവാൻ വേണ്ട കൃപ ഈശോയിൽ നിന്ന് ഞങ്ങൾക്ക് വാങ്ങിത്തരണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.




വിചാരണ

# കല്യാണം കഴിക്കാൻ മാത്രമുള്ളതല്ല

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

ഒരിക്കൽ പള്ളിയിലൊരു വിവാഹച്ചടങ്ങ് കഴിഞ്ഞ് പള്ളിമുറിയിൽ കിട്ടിയ സദ്യയുമുണ്ട് നിറഞ്ഞവയറോടെ പുറത്തിറങ്ങിയപ്പോൾ, തൊട്ടടുത്തുള്ള പാരിഷ്ഹാളിന്റെ ഭിത്തിയിൽ ചാരിനില്ക്കുന്ന ഒരു വല്യപ്പനെ കണ്ട് കുശലം ചോദിച്ചു. സദ്യയുണ്ടല്ലേ എന്ന ചോദ്യത്തിന് 'ആരോഗ്യമില്ലച്ചാ' എന്നായിരുന്നു മറുപടി; ആരോഗ്യമുണ്ടാകാനല്ലേ ഭക്ഷണം കഴിക്കുന്നതെന്ന് ചോദിച്ചപ്പോൾ, കഴിക്കാനല്ല ഭക്ഷണഹാളിൽ കയറിപ്പറ്റാനുള്ള ആരോഗ്യമില്ല എന്നാണ് പറഞ്ഞതെന്നായി വല്യപ്പൻ. പള്ളിയിൽ കല്യാണ കുർബാനയും കഴിഞ്ഞ് നെറ്റിയിൽ കുരിശുവരച്ച് ഇറങ്ങിവന്ന വല്യപ്പൻ കണ്ടത് തുറക്കാത്ത പാരിഷ്ഹാളിന്റെ വാതിൽക്കൽ ഇടിച്ചുകയറാൻ തിക്കിത്തിരക്കിനില്ക്കുന്ന ആൺപെൺ വ്യത്യാസമില്ലാത്ത ജനക്കൂട്ടത്തെയാണ്. ഈ വല്യപ്പനും കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ആ കൂടെക്കൂടാൻ ഒരു ശ്രമം നടത്തിയെങ്കിലും വാതിൽതുറന്നപ്പോൾ പെട്ടെന്നുണ്ടായ തിരക്കിലും തിരക്കിലും ആരോഗ്യമുള്ള ചെറുപ്പക്കാരോട് പിടിച്ചുനില്ക്കാൻ കഴിയാതെ പിൻവാങ്ങേണ്ടിവന്നു. ഒരു ആത്മഗതം കൊണ്ടാണ് വല്യപ്പൻ തന്റെ വിവരണം അവസാനിപ്പിച്ചത്. 'അച്ചന്മാർക്കുള്ളത് പള്ളിമുറിയിൽ എത്തിക്കുന്നതുകൊണ്ട് ഇങ്ങനെ ഇടികൂടണ്ടല്ലോ'. അല്ലെങ്കിൽ അച്ചനും ളോഹയും മടക്കിക്കുത്തി ഈ കൂട്ടത്തിൽ ഇടികൂടിയേനേ എന്നൊരു ധ്വനി ആ ആത്മഗതത്തിൽ ഉണ്ടോ എന്ന് സംശയിച്ച് ഞാൻ അവിടെനിന്ന് പിൻവാങ്ങി. തികച്ചും നാണംകെട്ട ഒരു സംസ്കാരം നമ്മുടെയിടയിൽ വളർന്നുകൊണ്ടിരിക്കുകയാണ്. കല്യാണവും അതുപോലുള്ള ആഘോഷങ്ങളും നടക്കുന്നിടത്ത് സകല അന്തസ്സും വിട്ട് പെരുമാറുന്ന ഒരു സംസ്കാരം. ഭക്ഷണശാലയുടെ വാതിൽക്കൽ സെക്യൂരിറ്റി ഗാർഡുകളെ വച്ചു നിയന്ത്രിച്ചും ആ ഹാളിന്റെ വാതിൽ ബലമായി അടച്ചും തീറ്റക്കാരെ നിയന്ത്രിക്കേണ്ടിവരുന്ന ഒരു സംസ്കാരം.

ഒരു ഭവനത്തിൽ എന്തെങ്കിലും മംഗളകരമായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ ബന്ധുക്കളെയും സുഹൃത്തുക്കളെയും അയൽക്കാരെയുമൊക്കെ ക്ഷണിച്ച് ആ സന്തോഷത്തിൽ പങ്കുചേർക്കുന്നത് ഏത് നാട്ടിലെയും നല്ല സംസ്കാരമാണ്. നമ്മുടെ നാട്ടിലും നന്മയുള്ള ഈയൊരു ശൈലി നിലനിന്നിരുന്നു. എന്നാൽ ഇന്ന് അതിന്റെ രൂപഭാവങ്ങൾക്ക് ഒത്തിരി മാറ്റം വന്നിരിക്കുന്നു. യഥാർത്ഥത്തിൽ ഒരു കല്യാണത്തിന് ആരെങ്കിലും നമ്മെ ക്ഷണിക്കുന്നത് ആ മംഗളകർമ്മത്തിൽ പങ്കെടുക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ അനുഗ്രഹിക്കാനുമാണ്. അതിന്റെ സന്തോഷം പങ്കുവയ്ക്കുന്നതിനാണ് അവസാനം എന്തെങ്കിലുമൊക്കെ ഭക്ഷണപാനീയങ്ങൾ നൽകുന്നത്. എന്നാൽ ക്ഷണിക്കുന്നത് ഭക്ഷണത്തിനുമാത്രമാണെന്ന ധാരണയാണ് ഇന്ന് പലർക്കുമുള്ളത്. അതുകൊണ്ടുതന്നെ സ്ഥലത്തു ഹാജരാകുന്നത് ഭക്ഷണസമയമാകുമ്പോൾ മാത്രമാണ്. ആ ദമ്പതികൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആ നല്ല നിമിഷങ്ങളിൽ അവരോടുകൂടെ ആയിരിക്കുവാനും ശ്രമിക്കാതെ അവരു വച്ചുവിളമ്പുന്ന ഭക്ഷണം ആവശ്യത്തിൽ കൂടുതൽ അകത്താക്കാൻ ഇടിച്ചുകയറി സീറ്റ് ഉറപ്പാക്കുന്നതിൽ നമുക്കു യാതൊരു അന്തസ്സുകുറവും തോന്നാറില്ല!

അതിഥികളെ ഏറെ മാനിക്കുന്ന ഒരു സംസ്കാരമായിരുന്നു നമുക്കുണ്ടായിരുന്നത്. വിവാഹകർമ്മത്തിന് നമ്മുടെ നാട്ടിലേക്ക് കടന്നുവരുന്ന കൂട്ടരെ 'വിരുന്നുകാർ' എന്നാണ് വിളിക്കുന്നത്. പണ്ടുകാലത്ത് അങ്ങനെ വിളിക്കുക മാത്രമല്ല അങ്ങനെതന്നെ അവരെ പരിഗണിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. ഒരുമിച്ചു സദ്യയുണ്ണാൻ സ്ഥലസൗകര്യം കുറവുള്ളിടത്ത് വിരുന്നുകാർ ഭക്ഷിച്ചു കഴിയുംവരെ നാട്ടുകാർ കാത്തുനിന്നിരുന്നു. ഇന്നു പക്ഷേ വിരുന്നുകാർക്കും നാട്ടുകാർക്കും ഒരേ മനസ്സാണ്. ഇടിച്ചുകയറി പരമാവധി അകത്താക്കി സ്ഥലം കാലിയാക്കുക.

ജീവിതസാഹചര്യങ്ങളോ, ജോലിയോ ഒന്നും ഈ ഒരു അന്തസ്സുകെട്ട പെരുമാറ്റത്തിന് മതിയായ ന്യായീകരണമാകില്ല എന്ന് നാം അറിയണം. വരും തലമുറയ്ക്ക് നമ്മുടെ നാടിന്റെ നല്ല സംസ്കാരത്തിന്റെ നന്മകൾ കൈമാറിക്കൊടുത്തില്ലെങ്കിൽ മാന്യതയുടെയും മാനുഷികതയുടെയും മുഖഭാവങ്ങൾ നഷ്ടപ്പെട്ടവരായി വരും തലമുറ അധഃപതിക്കും എന്നും നാം അറിയണം.



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

# Spirituality Centre Programme

**June**

| | |
|---|---|
| 6 | Marthoma Camp |
| 13 | Social Animators & School of Bible |
| 16 | Bible Study Forum |
| 16-17 | Cenacle Gathering (Sodales&Aspirants) |
| 17 | Maximalism Family Gathering |
| 20 | Recollection for Oblates |

**July**

| | |
|---|---|
| 11 | Social Animators & School of Bible |
| 14 | Bible Study Forum |
| 14-15 | Cenacle Gathering (Sodales&Aspirants) |
| 18 | Recollection for Oblates |

RNI: KERMAL 15541/11/1/2014-TC
Reg. No: KERMAL/2014/59983

Pratheeshayude Poomottukal
(Malayalam Monthly)
Published: March 2015

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ആശ്വാസപ്രദനാം
റൂഹാ ലോകത്തിൽ
ദീപ്തി ചൊരിഞ്ഞരുളി
മാമ്മോദീസാവഴി മർത്യൻ
പാപവിമോചിതനായ്ത്തീർന്നു
അഗതികളായിവസിപ്പവരിൽ
നവമൊരു ശരണം തളിരിട്ടു;
റൂഹാ തൻ - ദാനം മഹനീയം"
(ശ്ലീഹാക്കാലം, ഞായർ-സപ്രാ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal